
ക്രൈസ്തവ
വനിത
May - June 2022
A fundamental Christian bi-monthly publication of the women, by the women, for the family

2022
May - June

Volume XV
Issue 3

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| ■ നല്ല ആലോചനക്കാരൻ | – | ഷെറിൻ കിംഗ്സ്റ്റൺ | 1 |
| ■ വ്യാജ വർത്തമാനം പരത്തരുത് | – | എൽസി ബേബി | 3 |
| ■ പദവി ദുരുപയോഗം ചെയ്തവൾ | – | എൽസി തോമസ് | 4 |
| ■ കുറ്റം എന്റെമേൽ ഇരിക്കട്ടെ | – | മോളിക്കുട്ടി ചാക്കോ | 6 |
| ■ ആഘോഷിക്കപ്പെടാതിരുന്ന... | – | ജെസി ബെൻസെൻ | 9 |
| ■ തക്കതുണ | – | മഹേശ്വരി പുരന്ദരൻ | 10 |
| ■ ഉൽപത്തി മുതൽ വെളിപ്പാട് വരെ... | – | മേരി കുരവയ്ക്കൽ | 13 |
| ■ ഈ ലോകത്തിനു അനുരൂപരാകാതെ!!! | – | പാസ്റ്റർ. എ. ജെ. ജോൺ | 14 |
| ■ അനാത്മീയ പ്രവണതകൾ കുടുംബങ്ങളിൽ | – | ഡോ. ഉമ്മൻ ഫിലിപ്പ് | 16 |
| ■ കേരളത്തിലെ പെണ്ണെഴുത്തുകാർ വിസ്മരിച്ച... | – | മേഴ്സി മോനിക്സ് അമ്മാൾ | 20 |
| ■ ഒരു വേർപാടിന്റെ വേദന | – | ഡോ. കുഞ്ഞുമോൻ ചാക്കോ | 22 |
| ■ നീ ഒരു അന്യസ്ത്രീ എന്നു നടിക്കുന്നതെന്തിന്? | – | ജോർജ് ജോൺ | 25 |
| ■ Quest -82 ന്റെ ശരി ഉത്തരങ്ങൾ | – | | 27 |
| ■ Where Do I Go from Here? | – | Zerney Wijesuriya | 28 |
| ■ Quest -83 | – | | Cover iii |
| ■ Dust | – | Audrey Hill | Cover iv |


Cover photo by : **Thomaskutty T.P., Ramapuram**

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**

*For private circulation only*

Editorial Board

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

*Editorial*



# നല്ല ആലോചനക്കാരൻ

മനുഷ്യനെ നല്ല വഴിയിലേക്കു നടത്തുവാനും തെറ്റായ വഴിയിലേക്ക് തിരിക്കുവാനും ആലോചനക്കാർക്കു കഴിയും. ഒരു നല്ല ആലോചനക്കാരൻ മറ്റുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കുന്നവനും അതിലേക്ക് അവരെ നടത്തുന്നവനുമായിരിക്കും. എല്ലാക്കാലത്തും ഏത് സാഹചര്യങ്ങളിലും നമുക്ക് ആവശ്യമായ ഗുണദോഷങ്ങൾ നല്കുന്ന ഒന്നാണ് തിരുവചനം. മാനുഷബുദ്ധിക്ക് അപ്പുറമാണ് ദൈവത്തിന്റെ ജ്ഞാനം.

വേദപുസ്തകം നാം വായിക്കുമ്പോൾ നമ്മുടെ യേശുകർത്താവിനെപ്പോലെ വലിയ ആലോചനക്കാരൻ ആരുമില്ല. നാം നടക്കേണ്ടുന്ന വഴിയും, നാം എങ്ങനെ ജീവിക്കണം എന്നും വചനത്തിൽ കൂടി നമുക്ക് ആലോചന പറഞ്ഞു തരുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചു അറിവ് തരുന്നു. സങ്കീ. 32:8 "ഞാൻ നിന്റെമേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞു തരും".

മനുഷ്യർക്കു അഭിപ്രായങ്ങൾ ഉണ്ട്. ഈ അഭിപ്രായങ്ങൾ എല്ലാം ശരിയാകണമെന്നില്ല. എന്നാൽ ദൈവവചനത്തിൽ അഭിപ്രായങ്ങൾ ഇല്ല. ആലോചനകൾ മാത്രം ആണ് ഉള്ളത്, അത് നമുക്ക് സ്വീകരിക്കുകയോ, നിരാകരിക്കുകയോ ചെയ്യാം.

1 രാജാ. 12:7,8-ൽ രെഹബെയാം രാജാവ് തന്റെ അപ്പനായ ശലോമോന്റെ സന്നിധിയിൽ നിന്നിരുന്ന വൃദ്ധന്മാരോട് ആലോചന ചോദിച്ചു എങ്കിലും അവർ പറഞ്ഞുകൊടുത്ത ആലോചന അവൻ ത്യജിച്ച് തന്നോടൊപ്പം വളർന്നുവന്നവരായ യൗവ്വനക്കാർ പറഞ്ഞുകൊടുത്ത ആലോചനപ്രകാരം പ്രവർത്തിച്ചു, അതിന്റെ ഫലമായി തന്റെ രാജസ്ഥാനം നഷ്ടപ്പെടുക മാത്രമല്ല രാജ്യം തന്നെ രണ്ടായി വിഭജിക്കപ്പെടുന്നതായി കാണാം. ഇന്നും ഇങ്ങനെയുള്ള തെറ്റായ ആലോചനക്കാരുടെ ആലോചന കേൾക്കുന്നതു നിമിത്തം കുടുംബങ്ങളും, സഭകളും, പ്രസ്ഥാനങ്ങളും വിഭജിക്കപ്പെടുന്നതു കാണാം. "യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറതലമുറയായും നില്ക്കുന്നു" (സങ്കീ. 33:11).

വഴിതെറ്റിക്കുന്ന വിധം ദുരാലോചന പറഞ്ഞുകൊടുക്കുന്നവരും ഉണ്ട്. ദൈവത്തിനു ഹിതകരവും പ്രസാദകരവും ആയ ജീവിതവും ഭരണവും കാഴ്ചവച്ച യെഹോശാഫാത്തിന്റെ മകൻ യെഹോരാം ആകട്ടെ സ്വപിതാവു കാട്ടിക്കൊടുത്ത സത്പാത പിൻതുടരുന്നതിനു പകരം ഭാര്യയായ അഥല്യയുടെ സ്വാധീനത്തിൽ അവളുടെ മാതാപിതാക്കളുടെ ദുർമ്മാർഗ്ഗത്തിലൂടെ മുന്നേറി (2 ദിന.17:3,4). അതുപോലെ അവന്റെ മകനായ അഹസ്യാവിന് അവന്റെ അമ്മയായ അഥല്യ ദുഷ്ടത പ്രവർത്തിക്കാൻ ആലോചന പറഞ്ഞുകൊടുത്തതായി കാണുന്നു (2 ദിന. 22:3). യെഹൂദയുടെ സിംഹാസനത്തിലിരുന്ന ഏക സ്ത്രീയാണ് അഥല്യ. യിസ്രായേൽ രാജാവായ ആഹാബിന്റെയും ഈസബേലിന്റെയും മകളാണ് അഥല്യ. 2 ദിനവൃ. 22:2-ൽ ഒമ്രിയുടെ മകൾ എന്നു പറഞ്ഞിരിക്കുന്നത് കൊച്ചുമകൾ എന്ന അർത്ഥത്തിലാണ്. ഒമ്രി ആഹാബിന്റെ പിതാവാണ്.

ഇയ്യോബ് 2:9-ൽ ഇയ്യോബിന്റെ ഭാര്യ ഇയ്യോബിനോട് കഷ്ടം വന്നപ്പോൾ ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചുകളക എന്നു പറഞ്ഞു. ഇയ്യോബ് ഭാര്യയോടു പറയുന്നത് ശ്രദ്ധിക്കുക. "ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു". തുടർന്ന് ഇയ്യോബിന്റെ പുസ്തകം നാം വായിച്ചാൽ അവന്റെ അടുത്ത് ജനങ്ങൾ ആലോചന കേൾപ്പാൻ വരുന്നതു കാണാവുന്നതാണ്. "മനുഷ്യർ കാത്തിരുന്നു എന്റെ വാക്കു കേൾക്കും; എന്റെ ആലോചന കേൾപ്പാൻ മിണ്ടാതിരിക്കും" (ഇയ്യോബ് 29:21).

പുറപ്പാട് 18:19 ൽ മോശെയുടെ അമ്മായപ്പനായ യിത്രോ മോശെയ്ക്ക് ആലോചന പറഞ്ഞു കൊടുത്തതായി കാണാം. ജനത്തിന്റെ കാര്യം ന്യായം വിധിപ്പാൻ ദൈവഭക്തന്മാരും, സത്യവാന്മാരും ദുരാദായം വെറുക്കുന്നവരുമായ പ്രാപ്തിയുള്ള പുരുഷന്മാരെ സകല ജനത്തിൽ നിന്നും തിരഞ്ഞെടുത്ത് അവരെ ആയിരം പേർക്ക് അധിപതിമാരായും, നൂറു പേർക്ക് അധിപതിമാരായും അമ്പതു പേർക്ക് അധിപതിമാരായും, പത്തു പേർക്ക് അധിപതിമാരായും നിയമിക്ക. അവർ എല്ലാ സമയത്തും ജനത്തിനു ന്യായം വിധിക്കട്ടെ. അവർക്ക് പ്രയാസമുള്ള കാര്യംമാത്രം എന്റെ അടുക്കൽ കൊണ്ടുവരിക. ഞാൻ അതു തീർത്തു തരും. അതിൻപ്രകാരം കാര്യങ്ങളൊക്കെയും ശരിയായി നടന്നു. മോശെയുടെ ജോലി ഭാരവും കുറഞ്ഞു. മോശെയുടെ അമ്മായപ്പന്റെ ഈ ഒരു ആലോചനയ്ക്ക് വലിയ അംഗീകാരമാണ് മാനേജുമെന്റ് മേഖലയിൽ ഇന്നു ലഭിച്ചിരിക്കുന്നത്. ഇന്ന് ലോകത്തിൽ ആഫീസുകളിലും, ബിസിനസ്സ് നടത്തുന്നവരും, എന്നുവേണ്ട എല്ലാ തൊഴിൽമേഖലകളിലും നാം ഈ തത്ത്വം കാണുന്നു.

''ഭോഷന്നു തന്റെ വഴി ചൊവ്വായ് തോന്നുന്നു; ജ്ഞാനിയോ ആലോചന കേട്ടനുസരിക്കുന്നു'' (സദൃശ.12:15). അനേകരും ആലോചന കേൾക്കും. അത് അനുസരിക്കുവാൻ താത്പര്യം കാണിക്കുന്നില്ല. മാതാപിതാക്കന്മാരും, ഗുരുക്കന്മാരും, കുഞ്ഞുങ്ങൾക്ക് നല്ല ആലോചന പറഞ്ഞുകൊടുക്കും. എന്നാൽ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നില്ല. സദൃശ.13:10ൽ അഹങ്കാരംകൊണ്ട് വിവാദം മാത്രം ഉണ്ടാകുന്നു. ആലോചന കേൾക്കുന്നവരുടെ പക്കലോ ജ്ഞാനം ഉണ്ട് എന്നു കാണാം.

പുതിയനിയമത്തിൽ അപ്പൊ. പ്രവൃത്തി.13:36 "ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ ചെയ്തശേഷം നിദ്രപ്രാപിച്ചു തന്റെ പിതാക്കന്മാരോടു ചേർന്നു ദ്രവത്വം കണ്ടു".

അപ്പൊ.പ്രവൃത്തി 20:27ൽ ''ദൈവത്തിന്റെ ആലോചന ഒട്ടും മറെച്ചുവെക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ" എന്ന് പൗലൊസ് പറയുന്നു. ഇങ്ങനെയുള്ള അപ്പൊസ്തലന്മാരെയാണ് ഇന്ന് സഭകൾക്കു ആവശ്യം.

ലൂക്കൊസ് 7:30 -ൽ ''പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാവാക്കിക്കളഞ്ഞു". സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുവാനും, പ്രവർത്തിക്കുവാനും ആണ് ഇപ്പോഴത്തെ തലമുറയ്ക്ക് ഏറെ ഇഷ്ടം. ആരും ആലോചന പറഞ്ഞു കൊടുക്കരുത്. അവർക്ക് എല്ലാം അറിയാം. ആലോചനയോ, ഗുണദോഷമോ പറയുന്നവർ പഴമക്കാരാണ് എന്നാണ് അവരുടെ അഭിപ്രായം. ''ആലോചന ഇല്ലാഞ്ഞാൽ ഉദ്ദേശ്യങ്ങൾ സാധിക്കാതെ പോകുന്നു; ആലോചനക്കാരുടെ ബഹുത്വത്താലോ അവ സാധിക്കുന്നു'' (സദൃശ.15:22).

പലപ്പോഴും നാം ദൈവത്തിന് ആലോചന പറഞ്ഞു കൊടുക്കുന്നതിൽ മുൻപിലാണ്. ജീവിതത്തിൽ നാം നേരിടുന്ന വൈഷമ്യകരമായ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി ദൈവമേ ഇപ്രകാരം അല്ലെങ്കിൽ അപ്രകാരം ചെയ്തു തരണേ എന്ന് പ്രാർത്ഥിക്കും. എന്നാൽ നാം ദൈവകരങ്ങളിൽ സമർപ്പിച്ച് ദൈവത്തിന്റെ ആലോചനയ്ക്ക് കാത്തിരിക്കണം.

നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതികൂലങ്ങളും വരുമ്പോൾ മാനുഷിക ബുദ്ധി അനുസരിച്ച് ആലോചിച്ച് പ്രവർത്തിക്കാതെ കർത്താവിന്റെ പാദപീഠത്തിൽ ഇരുന്ന് നമ്മുടെ വിഷയങ്ങളെ പ്രാർത്ഥനയോടെ നിരത്തിവെച്ചാൽ നാം ചിന്തിക്കുന്നതിലും വ്യത്യസ്തമായി കാര്യങ്ങളെ നിർവ്വഹിക്കുവാൻ നമുക്ക് നല്ല ആലോചന വചനത്തിൽ കൂടി തരും. "നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നെത്തേതിൽ മഹത്വത്തിലേക്കു എന്നെ കൈക്കൊള്ളും" (സങ്കീ.73:24). ഈ വചനപ്രകാരം നമ്മെത്തന്നെ ദൈവകരങ്ങളിൽ നമുക്ക് സമർപ്പിക്കാം, പ്രാർത്ഥിക്കാം. ദൈവവചനം നമ്മുടെ ജീവിതത്തിൽ എന്നും ആലോചനക്കാരനായിരിക്കട്ടെ.

**ഷെറിൻ കിംഗ്സ്റ്റൺ**
(അസ്സോസിയേറ്റ് എഡിറ്റർ)



# വ്യാജ വർത്തമാനം പരത്തരുത്



എൽസി ബേബി, ന്യൂ യോർക്ക്

പരിശുദ്ധനായ ദൈവം യഹൂദാ ജനത്തിനു നല്കിയ അനേകം കല്പനകളും, ന്യായപ്രമാണങ്ങളും തിരുവചനത്തിലുണ്ട്. അവ പാലിച്ചാലുള്ള അനുഗ്രഹങ്ങളും, പാലിക്കാതിരുന്നാലുള്ള ശാപങ്ങളും ശിക്ഷകളും അവയോടൊപ്പം നല്കിയിട്ടുണ്ട്. അവയിൽ ഗൗരവമേറിയ ഒരു കല്പനയാണ് "വ്യാജ വർത്തമാനം പരത്തരുത്" എന്നത്. എന്താണ് വ്യാജ വർത്തമാനം? ഇല്ലാത്ത ഒരു കാര്യം തന്മയത്വത്തോടുകൂടെ വകഞ്ഞുണ്ടാക്കി അതിൽ പൊടിപ്പും തൊങ്ങലും വച്ച് ഉള്ളതുപോലെ വിശ്വസിക്കത്തക്കവിധം പറഞ്ഞു പരത്തുന്നതിനെയാണ് വ്യാജവർത്തമാനം എന്നുപറയുന്നത്. ആരുകേട്ടാലും സത്യമാണെന്നുതോന്നി വിശ്വസിക്കത്തക്ക കാര്യങ്ങൾ. പരിശുദ്ധനായ ദൈവത്തിന്റെ കല്പനകളെ ക്രോഡീകരിച്ചു വികലമാക്കി വ്യാജമാകുന്നുവെന്ന് മനുഷ്യരെ തെറ്റിദ്ധരിപ്പിച്ച് കല്പനാലംഘനം ചെയ്യിപ്പാനുള്ള പിശാചിന്റെ ചതിവൊന്നു വേറെയാണ്. അവമൂലം നമ്മുടെയൊക്കെ സമൂഹങ്ങളിലുണ്ടാകുന്ന അനർത്ഥങ്ങൾ എത്ര വലുതാകുന്നു. എത്ര ഭീകരമായ കൊല ചെയ്താലും, കുറ്റകൃത്യങ്ങളും, അധർമ്മങ്ങളും പ്രവർത്തിച്ചാലും കോടതി മുമ്പാകെ വരുമ്പോൾ നിരപരാധികളെന്നു വിധി എഴുതി കുറ്റവിമുക്തരാക്കുന്ന എത്ര എത്ര കഥകളാണ് നാം ദിനേന കേൾക്കുന്നത്. നിരപരാധികൾ കുറ്റവാളികളായും കുറ്റവാളികൾ നിരപരാധികളായും വിധിക്കപ്പെടുന്നു. അതിനു തക്ക ഉദാഹരണമല്ലേ നിരപരാധിയായ ദൈവപുത്രനായ ക്രിസ്തുവിന് ശാപകരമായ ക്രൂശുമരണം വിധിച്ചതും ദുഷ്പ്രവൃത്തിക്കാരനായ ബറബ്ബാസിനെ കുറ്റവിമുക്തനുമാക്കിയ ചരിത്രം. വ്യാജകഥകൾ ചമച്ചുണ്ടാക്കി കുടുംബകലഹങ്ങളും, വിവാഹമോചനങ്ങളും, സ്നേഹിതരെ തമ്മിലടിപ്പിച്ച് ശത്രുക്കളാക്കുന്നതും, ഉദ്യോഗങ്ങളിൽ പലരുടേയും സ്ഥാനങ്ങൾ അപഹരിച്ച് നിരപരാധികളുടെ ഉദ്യോഗം തെറിപ്പിക്കുന്നതും മറ്റും നാം കേൾക്കയും കാണുകയും ചെയ്യുന്ന സംഭവങ്ങളല്ലോ? എന്തിനേറെ? മാതാപിതാക്കളെ തെറ്റിദ്ധരിപ്പിച്ച് വസ്തുവകകൾ സ്വന്തമാക്കുന്നവരും ഉണ്ടല്ലോ! വ്യാജ വർത്തമാനങ്ങൾ കൊണ്ടുണ്ടാകാവുന്ന വിപത്തുകളും, അപകടങ്ങളും, തിന്മകളും, നാം ഊഹിക്കുന്നതിലുമേറെ ഗൗരവമേറിയവയാകുന്നു. ഭർത്താക്കന്മാർ വിദേശത്തുള്ള നാട്ടിലെ സ്ത്രീകളെ ഇങ്ങനെയുള്ള വ്യാജവാഗ്ദത്തങ്ങളും, വാർത്തകളുമായി കബളിപ്പിച്ചു ചതിയിലാക്കുന്ന ഹൃദയം തകർക്കുന്ന വാർത്തകൾ കേൾക്കാനിടയായി. വ്യാജ വർത്തമാനങ്ങളിൽ ചതിയിലകപ്പെടുന്നതു മിക്കവാറും സ്ത്രീകളാകുന്നു എന്നതാണതിശയം. എന്തുകേട്ടാലും കണ്ണടച്ചു വിശ്വസിക്കുന്ന സ്ത്രീകളാണ് ഇപ്രകാരം ചതിക്കപ്പെടുന്നത്. അതേ സമയം വ്യാജ വർത്തമാനങ്ങൾ കൂടുതൽ പരസ്യമാക്കുന്നതും സ്ത്രീകൾ തന്നെയാണെന്നു പതുക്കെ പറയേണ്ടതില്ലല്ലൊ. നാവ് എല്ലില്ലാത്ത ഒരു ചെറിയ അവയവമാണെങ്കിലും വളരെ വമ്പു പറയുന്നു. നാവും ഒരു തീ തന്നേ, എത്ര വലിയ കാടും കത്തിക്കും! അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവനും മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിന്നു തീ പിടിക്കയും ചെയ്യുന്നു. കുതിരയെ

*ശേഷം പേജ് 8-ൽ കാണുക*

# പദവി ദുരുപയോഗം ചെയ്തവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**വി.** വേദപുസ്തകത്തിൽ ഉത്പത്തി 16-ാം അദ്ധ്യായം 1-3 വരെയുള്ള വേദഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. “അബ്രാമിന്റെ ഭാര്യയായ സാറായി മക്കളെ പ്രസവിച്ചിരുന്നില്ല. എന്നാൽ അവൾക്ക് ഹാഗാർ എന്നു പേരുള്ള ഒരു മിസ്രയീമ്യ ദാസി ഉണ്ടായിരുന്നു. സാറായി അബ്രാമിനോട്: ഞാൻ പ്രസവിക്കാതിരിക്കാൻ യഹോവ എന്റെ ഗർഭം അടച്ചിരിക്കുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും: പക്ഷേ അവളാൽ എനിക്ക് മക്കൾ ലഭിക്കുമെന്നു പറഞ്ഞു. അബ്രാം സാറായിയുടെ വാക്ക് അനുസരിച്ചു. അബ്രാം കനാൻ ദേശത്ത് പാർത്ത് പത്തു സംവത്സരം കഴിഞ്ഞപ്പോൾ അബ്രാമിന്റെ ഭാര്യയായ സാറായി മിസ്രയീമ്യ ദാസിയായ ഹാഗാറിനെ തന്റെ ഭർത്താവായ അബ്രാമിന് ഭാര്യയായി കൊടുത്തു.”

ഇവിടെ ഭാര്യാപദവി ജഢികാഭിലാഷത്തിന്റെ പൂർത്തീകരണത്തിനായി ദുരുപയോഗം ചെയ്ത സാറായെയാണ് തിരുവചനം ഈ പ്രസക്തവേദഭാഗങ്ങളിലൂടെ നമ്മുടെ മുന്നിൽ തുറന്നു കാണിച്ചിരിക്കുന്നത്.

സാറാ കൽദയ പട്ടണമായ ഊർ നിവാസിയായിരുന്നു. അവൾ അതീവസുന്ദരിയുമായിരുന്നു. ആ കാലങ്ങളിൽ ബന്ധുക്കൾ തമ്മിലുള്ള വിവാഹം നടന്നിരുന്നുവെന്നു മാത്രമല്ല മതപരമായ കാരണങ്ങളാൽ സാധാരണവുമായിരുന്നു. തേരഹ് അവളുടെ പിതാവെന്ന നിലയിൽ സാറാ അബ്രാമിന്റെ പെങ്ങൾ എന്നു കാണാം.

ദൈവത്താൽ പേരു നല്കപ്പെട്ട ചിലരെ തിരുവചനത്തിൽ നമുക്കു കണ്ടുമുട്ടാൻ സാധിക്കും. എന്നാൽ അതവരുടെ ജനനത്തിന് മുമ്പ് ദൈവം നല്കപ്പെട്ട പേരാണ്. ചുരുക്കം ചിലരുടെ പേരുകൾ ജനനാനന്തരം മാറ്റിയതായി കാണാം. ആ പേരു മാറ്റങ്ങളുടെ പിന്നിൽ ചില ദൈവിക ഉദ്ദേശ്യങ്ങൾ നിറവേറപ്പെടേണ്ടതായിട്ടുണ്ട്. ഇവിടെ സാറായിയുടെ പേര് സാറാ എന്നു നല്കപ്പെട്ടതിന്റെ ദൈവിക ഉദ്ദേശ്യം അവൾ ജാതികൾക്ക് മാതാവായിത്തീരണമെന്നും ജാതികളുടെ രാജാക്കന്മാർ അവളിൽ നിന്നു ഉത്ഭവിക്കയും വേണം എന്നുള്ളതായിരുന്നു.

ഈ പേരുമാറ്റത്തിലൂടെ സാറായും ദൈവവുമായുള്ള പുതിയ ബന്ധത്തിന്റെയും സ്ഥാനത്തിന്റെയും ദൃഢത തിരുവചനം കാണിച്ചു തരുന്നു. ഇതോടുകൂടി ലോകചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന സ്ഥാനമാണ് സാറായ്ക്ക് ഉണ്ടായിരുന്നതെന്ന് വ്യക്തമാണ്. ഇതോടൊപ്പം അവൾ ദൈവത്തിന് വിശുദ്ധയായിരിക്കണമെന്നുള്ള പ്രഖ്യാപനവും നടന്നു. ബഹുജാതികൾക്ക് പിതാവാകുമെന്നുള്ള അബ്രാമ്യനിയമത്തോടെ അവൾക്ക് പങ്കും ഓഹരിയും കൂടി കൊടുക്കുന്നതായി കാണാം. അബ്രാമിന്റെ ഭാര്യാപദവി അലങ്കരിച്ചിരുന്നവളാണ് സാറാ.

**സാറായുടെ പരാജയം:-**

**1. ഭാര്യാപദവി ദുരുപയോഗം ചെയ്യപ്പെടുന്നു:-**

ദൈവത്തിന്റെ വാഗ്ദത്തിൽ വിശ്വസിച്ച് സാറാ തൊണ്ണൂറ് വയസ്സുവരെ കാത്തിരുന്നു. തന്റെ ശരീരത്തിന്റെ നിർജ്ജീവാവസ്ഥ നോക്കിയാൽ ആശയ്ക്കുള്ള സകലവഴിയും അടഞ്ഞു. എന്നാൽ നിത്യജീവന്റെ വഴിയിൽ നിർത്തിയ സാറാ പെട്ടെന്നു തന്നെ മിസ്രയീമിലേക്ക് ഇറങ്ങി. ദൈവിക പദ്ധതിയെ തകിടം മറിക്കത്തക്ക നിലയിൽ സാത്താൻ സാറായിൽ പ്രവർത്തിച്ചു. അവരുടെ ഭവനത്തിലെ ഏറ്റവും ഗുരുതര പ്രശ്നത്തിന് ഉള്ള എളുപ്പവഴി സാറാ തന്നെ കണ്ടുപിടിച്ചു. ദൈവം ഉദ്ദേശിക്കാതെ, നിർദ്ദേശിക്കാത്ത ഒരു കുറുക്കുവഴി “ഹാഗാർ”

അവളിലൂടെ ഒരു സന്തതി. സാറാ യജമാന നായ അബ്രാഹാമിന്റെ കാതിൽ ഇപ്രകാരം ഓതി എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും.

ഉത്പത്തി 12:13 അബ്രാമിന്റെ ദുഷ്ടാ ലോചനയ്ക്ക് കൂട്ടുനിന്നു ഭാര്യാപദവി സാറാ ദുരുപയോഗം ചെയ്യുന്നതായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. മിസ്രയീമിൽ സൗന്ദര്യമുള്ള എന്തിനെയും നശിപ്പിക്കാനും സ്വന്തമാക്കുവാനും അവിടെ അലറുന്ന സിംഹമായ ഫറവോനുണ്ടെന്നുള്ള യാഥാ ർത്ഥ്യം മനസ്സിലാക്കിയില്ല. കാര്യസാദ്ധ്യത്തി നായി സത്യം മറച്ചുവച്ച് നീതിയുടെ പൊയ്മുഖം മറ്റുള്ളവരുടെ മുമ്പിൽ അണി യുന്നത് എത്രയോ ദോഷകരമാണ്.

ഭൗതിക നന്മകൾക്കു മുമ്പിൽ അവർ ദൈവിക വാഗ്ദത്തങ്ങളെ നിസ്സാരവൽക്കരിച്ചു. നാം എത്ര അവിശ്വസ്തരായിരുന്നാലും ദൈവം വിശ്വസ്തനായി പാർക്കുന്നു. കൗശലങ്ങളും ഉപായങ്ങളും വെറുക്കുന്നവനാണ് ദൈവം.

**2. സാറാ ഒരു മാതൃക :** സകലവും വിട്ടു പുറപ്പെട്ട അബ്രാമിനെ ഒരു നിഴൽപോലെ പൂർണ്ണ അനുസരണത്തോടും സഹനശക്തി യോടും കൂടെ അനുഗമിച്ച് അബ്രാമിനൊ ടൊപ്പം എല്ലാ ത്യാഗങ്ങളും മൗനമായി അനു ഭവിച്ച് വാഗ്ദത്ത നിവൃത്തി കണ്ടവൾ. യജ മാനൻ എന്നു വിളിച്ച് ഭർത്താവിന് കീഴ്പ്പെ ട്ടിരുന്ന സ്ത്രീരത്നം.

എന്നാൽ പണ്ടു മുതലേ സ്വർഗ്ഗീയ പദ്ധതികളുടെ മനോഹര സൗധം നിലംപരിചാ ക്കാൻ സ്ത്രീകളെയാണ് ശത്രു കൈയ്യിലെടു ക്കുന്നത്. ചരിത്രം പഠിക്കുകയാണെങ്കിൽ മിക്ക അബദ്ധങ്ങളും മ്ലേച്ഛതകളും സ്ത്രീകളിലൂടെ യാണ് ഉണ്ടായിട്ടുള്ളത്. ഇന്നും അത് തുടർമാന മായി നടക്കുന്നു.

എന്നാൽ ഈ കാലഘട്ടത്തിൽ നമ്മുടെ വീണ്ടുംജനനത്തോടുള്ള ബന്ധ ത്തിലും ഈ പേരുമാറ്റം ചിന്തനീയമാണ്. ഒരു വൻ കർത്താവിങ്കലേക്ക് വരുമ്പോൾ അവന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതുന്നു. എന്തായാലും ആ പേര് നാമും ദൈവവുമാ യിട്ടുള്ള പുതിയ ബന്ധത്തെയും സ്ഥാന ത്തെയും കാണിക്കുന്നു. രക്ഷിക്കപ്പെട്ടപ്പോൾ നമുക്ക് ദൈവമക്കൾ എന്ന സ്ഥാനം മാത്രമല്ല, സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹ ങ്ങൾക്കും അവകാശിയും ദൈവിക നിയമങ്ങ ൾക്കും വാഗ്ദത്തങ്ങൾക്കും നാം പങ്കുകാരും ഓഹരിക്കാരുമായി തീർന്നു. തന്നെയുമല്ല പുതിയനിയമ യിസ്രായേലാകുന്ന നമ്മെ അറി യപ്പെടുന്നത് രാജ്യവും പുരോഹിതന്മാരും എന്നാണ്.

പ്രിയ സഹോദരങ്ങളെ, അപകടകര മായ ഇന്നത്തെ സാഹചര്യങ്ങളെ ആത്മീയ കാഴ്ചപ്പാടോടുകൂടി കൈകാര്യം ചെയ്യുന്ന തിൽ നാം പരാജയപ്പെട്ടുതുടങ്ങി. നമ്മിലെ സ്വതസിദ്ധമായ ശൈലികളും, പാപസ്വഭാ വങ്ങളും ദൈവഹിതാനുസരണം മാറ്റപ്പെടണം. എന്നാലേ ദൈവപൈതൽ എന്ന പദവിക്കു നാം യോഗ്യരാകൂ, നമ്മുടെ നിത്യത നഷ്ടമാ ക്കരുത്. ഓട്ടം വ്യഥാവാകരുത്.

സഹോദരിമാരേ, സൗന്ദര്യം ദൈവദത്തമായ ഒരനുഗ്രഹമാണ്. പക്ഷേ വളരെ കരുതലോടും പ്രാർത്ഥനയോടും കൂടെ ജീവിച്ചില്ലെങ്കിൽ അതീവദുഃഖത്തിൽ വീണു പോകുവാനിടയുണ്ട്. അതുകൊണ്ട് വചനം പറയുന്നത്, വിവേകമില്ലാത്ത സുന്ദരി പന്നി യുടെ മൂക്കിൽ പൊൻമൂക്കുത്തിപോലെ എന്നാണ്.

**ഒന്നാമതായി:** ഇനിയും നമുക്ക് ദൈവവു മായിട്ടുള്ള നമ്മുടെ ബന്ധവും സ്ഥാനവും ദുരുപയോഗം ചെയ്യുന്ന നമ്മുടെ നിത്യജീവിതം ഒന്നു പുനഃപരിശോധിക്കേണ്ടത് അത്യാവശ്യ മാണ്. നാം ആയിരിക്കുന്ന കർമ്മമേഖലകൾ, സാമൂഹ്യമേഖലകൾ, ഔദ്യോഗിക മേഖലകൾ ഇവയിലൂടെ നമ്മുടെ പദവി (ദൈവപൈതൽ) ദുരുപയോഗം ചെയ്തിട്ടുണ്ടോ? നമ്മുടെ കാര്യ സാദ്ധ്യത്തിനായി നീതിയുടെ പൊയ്മുഖ മണിഞ്ഞ് പദവി ദുരുപയോഗം ചെയ്തി ട്ടുണ്ടോ? നമ്മുടെ സ്വാർത്ഥ താത്പര്യങ്ങൾക്കു വേണ്ടി കുത്സിതമാർഗ്ഗങ്ങളിലൂടെ വെട്ടിപ്പിടിച്ച സ്ഥാനമാനങ്ങൾക്കുവേണ്ടി? ഇവയെല്ലാം പുനഃപരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

**രണ്ടാമതായി:** നമ്മുടെ നടപ്പ് ദൈവികപദവി ദുരുപയോഗം ചെയ്യുന്നവരോടുകൂടിയാണോ?

*ശേഷം പേജ് 15-ൽ കാണുക*

# കുറ്റം എന്റെമേൽ ഇരിക്കട്ടെ



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

***തെ***റ്റു സമ്മതിക്കാൻ ആരും തയ്യാറാകത്തില്ല. ആദിപിതാവായ ആദാം പോലും ദൈവകല്പന ലംഘിച്ചിട്ട്. ദൈവം നേരിട്ടു ചോദിച്ചപ്പോൾ ഹവ്വായെ പഴിചാരുകയായിരുന്നു. വിശുദ്ധ തിരുവെഴുത്തിൽ കുറ്റസമ്മതം നടത്തിയ വ്യക്തികളെക്കുറിച്ചു ചിന്തിക്കാം.:-

**1. അബീഗയിൽ -** 1 ശമുവേൽ 25-ാം അദ്ധ്യായത്തിൽ വളരെ ജ്ഞാനത്തോടെ പ്രവർത്തിച്ച ഒരു സഹോദരിയെ കാണുവാൻ സാധിക്കുന്നു. അവളുടെ പേരാണ് അബീഗയിൽ. അവൾ ദൈവഭക്തയായ ഒരു സ്ത്രീയാണ് എന്ന് കാണുന്നു. എന്നാൽ കർമ്മേലിൽ വ്യാപാരമുള്ള മഹാധനികനായ ഒരു മനുഷ്യനാണ് നാബാൽ. അവൻ നിഷ്ഠുരനും ദുഷ്കർമ്മിയും ദൈവത്തെ ഭയമില്ലാത്തവനും ആയിരുന്നു. എന്നാൽ അവന്റെ ഭാര്യയായ അബീഗയിൽ നല്ല വിവേകമുള്ളവളും സുന്ദരിയും യഹോവാഭക്തിയുള്ളവളുമായിരുന്നു. വളരെ സമയം ദൈവസന്നിധിയിൽ പ്രാർത്ഥിച്ചവൾ. ദൈവവുമായുള്ള അവളുടെ ജീവിതത്തിൽ ദൈവത്തോടുള്ള പ്രാർത്ഥനയാലാണ് ദാവീദ് രാജാവ് അബീഗയിലിന്റെ ഭർത്താവായ നാബാലിന് വിരോധമായി ദോഷം നിരൂപിച്ചപ്പോൾ ആ വലിയ പ്രതിസന്ധിയിൽ നിന്ന് അവനെയും കൂടെയുള്ളവരെയും രക്ഷിപ്പാൻ കഴിഞ്ഞത് (1 ശമുവേൽ 25:22,23).

പാരാൻ മരുഭൂമിയിൽ നിന്ന് നാനൂറു ആളുകളുമായി പ്രതികാരവാഞ്ഛയോടെ ദാവീദ് കർമ്മേലിലേക്ക് പായുന്നു. അതേ സമയം കർമ്മേലിൽ നിന്ന് അബീഗയിൽ ഇരുനൂറു അപ്പവും ഇരുനൂറു അത്തിയടയും രണ്ടു തുരുത്തി വീഞ്ഞും പാകം ചെയ്ത അഞ്ചു ആടും അഞ്ചു പറ മലരും നൂറു ഉണക്കമുന്തിരിക്കുലയുമായി ബാല്യക്കാരോടു ചേർന്നു ദാവീദിനെ തിരക്കിവരുന്നു. വഴിമദ്ധ്യേ തമ്മിൽ കണ്ടുമുട്ടിയപ്പോൾ അബീഗയിൽ കഴുതപ്പുറത്തു നിന്നിറങ്ങി ദാവീദിന്റെ കാല്ക്കൽ വീണു പറഞ്ഞവാക്കുകളാണ് മുകളിൽ കാണുന്നത്. ദാവീദും കൂടെയുള്ളവരും വാളു ധരിച്ചിട്ടുണ്ടായിരുന്നു. നാബാൽ ദാവീദിന്റെ ബാല്യക്കാരെ നിന്ദിച്ച് നിസ്സാരരാക്കി നിരാശയോടെ അയച്ചവിവരം അബീഗയിൽ അറിഞ്ഞപ്പോൾ അപകടം മനസ്സിലാക്കി നാബാലിന്റെ കുറ്റം സ്വയം ഏറ്റെടുത്തു. ദാവീദിന്റെ ഉഗ്രകോപം മാറി. ഏറ്റവും ഉത്തമമായ ഭക്ഷണസാധനങ്ങൾ അവൾ കാഴ്ചവെച്ചു. അബീഗയിൽ ദാവീദിനോട് പറഞ്ഞവാക്കുകൾ സത്യമായിരുന്നു. ദാവീദ് പറയുന്നത് രക്തപാതകവും സ്വന്തകൈയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം എന്നെ ഇന്നു തടഞ്ഞിരിക്കുന്ന നീ അനുഗ്രഹിക്കപ്പെട്ടവൾ. ഈ സാമർത്ഥ്യമുള്ള സ്ത്രീയോട് ദാവീദ് പറയുന്നത് എന്നെ എതിരേല്പാൻ നിന്നെ അയച്ച യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് സ്തോത്രം "കുറ്റം ഏറ്റുപറഞ്ഞ് സ്വന്തകുടുംബത്തിനു വേണ്ടിയും കൂടെയുള്ള ജനത്തിനുവേണ്ടിയും ഇടുവിൽ നിന്നു കരയാം."

**2. ദാവീദ് (2 ശമുവേൽ 24:17 (24:1)**

യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിന് തോന്നിച്ചു. എന്നാൽ ദാവീദ് ജനത്തെ എണ്ണിയതുകൊണ്ട് ദാവീദിന് ദൈവം ശിക്ഷകൊടുത്തു (വാ. 24: 12,13) മൂന്നു കാര്യങ്ങൾ ദാവീദിന്റെ മുമ്പിൽ വെയ്ക്കുന്നു എന്ന് ഗാദ് പ്രവാചകൻ മുഖാന്തരം ദൈവം

അരുളിച്ചെയ്തു. വാ. 24:15 മൂന്നുദിവസത്തെ മഹാമാരി യിസ്രായേലിനെ ബാധിച്ചു. ജനത്തിൽ എഴുപതിനായിരം പേർ മരിച്ചു. ജനത്തെ ബാധിക്കുന്ന ദൂതനെ കണ്ടിട്ട് യഹോവയോടു ഞാനല്ലോ പാപം ചെയ്തതു, ഞാനല്ലോ കുറ്റം ചെയ്തത് എന്ന് ഏറ്റു പറയുന്നു. നാഥാൻ പ്രവാചകനോട്: ഞാൻ യഹോവയോടു പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു (2 ശമൂ. 12:13).

**3. നെഹെമ്യാവ് –** ശൂശൻ രാജകൊട്ടാരത്തിൽ അർത്ഥഹ്ശഷ്ടാ രാജാവിന് പാനപാത്രവാഹകനായിരിക്കുമ്പോഴും യെരുശലേമിന്റെ അവസ്ഥയെക്കുറിച്ചായിരുന്നു ചിന്ത. (നെഹെ 6) സ്ഥലം സഭകളിൽ നിന്ന് കർത്താവിന്റെ വേലയ്ക്കായി വെളിയിൽ പോകുന്നവരും ജോലി സംബന്ധമായി പോകുന്നവരും അവർ വിട്ടുപോയ സഭകളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും ഉള്ള ചിന്താഭാരം ഉണ്ടാവുകയും അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിന് ഒരു മാതൃകയായിരിക്കുന്നു. സഹോദരന്മാരെ കണ്ടപ്പോൾ നെഹെമ്യാവിന്റെ ഒരു ഹൃദയവാഞ്ഛ യെരുശലേമിന്റെ തകർച്ച കേട്ടപ്പോൾ അതിനുത്തരവാദികൾ അല്ലെങ്കിൽ കുറ്റക്കാർ തങ്ങളുടെ പൂർവ്വപിതാക്കന്മാരാണെന്നും അവർ ചെയ്ത കുറ്റങ്ങൾക്കെല്ലാം പാപം എന്ന പദംകൊണ്ട് വിശേഷിപ്പിച്ചിട്ട് നെഹെമ്യാവ് കരഞ്ഞുകൊണ്ടു പറയുന്നു ''ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരിക്കുന്നു" എന്ന്. പിതാക്കന്മാർ പാപം ചെയ്തു എന്നുള്ളത് ശരിയാണ്. എന്നാൽ നെഹെമ്യാവ് പാപം ചെയ്തു എന്നു രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും താൻ പാപം ചെയ്തു എന്ന് സ്വയം ഏറ്റുപറയുന്നു.

**4. കഫർന്നഹൂമിലെ ശതാധിപൻ (ലൂക്കൊ. 2:1,7)**

കർത്താവ് കഫർന്നഹൂമിൽ വന്ന വാർത്ത ഒരു ശതാധിപൻ കേട്ടു. ഏതാനും യഹൂദ മൂപ്പന്മാരെ തന്റെ അടുക്കൽ അയച്ചു. വിഷയം കർത്താവ് ഇങ്ങോട്ടുവരണം തന്റെ ഭവനത്തിൽ ദീനം പിടിച്ചു കിടക്കുന്ന ദാസനെ സൗഖ്യമാക്കണം. കുറെക്കഴിഞ്ഞു തന്റെ സ്നേഹിതന്മാരെ അയയ്ക്കുന്നു. അപ്പോൾ കർത്താവ് വീടിനോട് അടുക്കാറായി. ശതാധിപൻ പറഞ്ഞയച്ചത് സ്നേഹിതന്മാർ പറഞ്ഞു. കർത്താവേ നിന്നെ കൈക്കൊള്ളുവാനുള്ള യോഗ്യത എനിക്കില്ല. എന്നാൽ പിന്നെ നിന്റെ അടുത്തുവന്നു, പറയാമെന്നു വച്ചാൽ അതിനും എനിക്കു യോഗ്യതയില്ല. ഏതു തരത്തിൽ നോക്കിയാലും ഞാൻ അയോഗ്യനാണ്. അവൻ യോഗ്യനാണെന്നും, ദൈവ ജനത്തെ സ്നേഹിക്കുന്നവനാണെന്നും സാമൂഹ്യപ്രവർത്തനത്തിലും മുൻപന്തിയിലാണെന്നും മറ്റും യഹൂദാ മൂപ്പന്മാർ സാക്ഷ്യം പറയുമ്പോൾ, ശതാധിപൻ പറയുന്നത് അതെല്ലാം ശരിയാണ് "പക്ഷെ കർത്താവിന്റെ മുമ്പിൽ ഞാൻ അയോഗ്യനാണ്".

**5. യോന –** മുകളിൽ ചിന്തിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് യോനയുടെ കുറ്റസമ്മതം. ദൈവം പറഞ്ഞ വഴിയേ പോയില്ലെങ്കിൽ ചിലപ്പോൾ നമ്മുടെ വഴിയേ പോകാൻ ദൈവം അനുവദിച്ചെന്നു വരും. യോന മുഖാന്തരം കപ്പലിനും ചരക്കിനും ആൾക്കാർക്കും നാശം സംഭവിക്കുവാൻ പോകുന്നു എന്നറിഞ്ഞിട്ടും ദൈവത്തോട് ഒരു വാക്കു പ്രാർത്ഥിച്ചതായി കാണുന്നില്ല. എങ്കിലും എല്ലാ സത്യവും അവൻ കപ്പൽ പ്രമാണിയോടു പറഞ്ഞിരുന്നു. എന്നാൽ ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിക്കുമ്പോൾ എന്നെ എടുത്ത് എറിഞ്ഞു കളക എന്നു പറയുന്നതിൽ ഒരു സങ്കോചവും കാണുന്നില്ല (യോന. 1:12) അപ്പോൾ സമുദ്രം അടങ്ങും എന്ന് യോന പറഞ്ഞു. ദൈവത്തെ വേണ്ടപോലെ മനസ്സിലാക്കാത്ത ദൈവത്തിന്റെ പ്രവാചകൻ. ഇന്നും ഇതുപോലെയുള്ള വേലക്കാർ ഇല്ലാതില്ല. ആകെ കൂടി യോനായിൽ നിന്നും ഉൾക്കൊള്ളുവാൻ ഒരേ ഒരു ഉത്തരം (യോന 1:12 ൽ) "എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു'' ഈ വാകൃത്തിൽ ഞാൻ അറിയുന്നു എന്നുള്ളതാണ്. അതിനുള്ള പരിഹാരമാർഗ്ഗം സ്വയം മരണം വരിക്കുകയാണെന്നു പ്രവാചകൻ കരുതി.

അബീഗയിലിന്റെ വിവേകപൂർണ്ണ സമ്മതം. നെഹെമ്യാവിന്റെ ആത്മാർത്ഥമാ

യുള്ള ഹൃദയത്തകർച്ചയും ഏറ്റുപറച്ചിലും പ്രാർത്ഥനയും ശതാധിപന്റെ താഴ്മയോടു കൂടിയ ഏറ്റുപറച്ചിലും നാം ശ്രദ്ധിച്ചു. എന്നാൽ അനുസരണംകെട്ട യോന ദൈവത്തോട് കുറ്റം ഏറ്റു പറഞ്ഞില്ലെങ്കിലും അവന്റെ വാക്കുകൾ ദൈവം മാനിച്ചു. അവനുവേണ്ടി അവനെ രക്ഷിക്കുവാൻ വേണ്ടി തക്കസമയത്ത് ദൈവം പ്രവർത്തിച്ചു.

സഭയിലും പുറത്തും വളരെ നല്ല കാര്യങ്ങൾ ചെയ്യുന്നവരും മറ്റുള്ളവരിൽ നിന്ന് നല്ല സാക്ഷ്യം സമ്പാദിക്കുവാൻ കഴിയുന്ന വരും ഓർത്തിരിക്കേണ്ട ഒരു കാര്യം കർത്താവിന്റെ മുമ്പിൽ ഞാനെങ്ങനെ ഇരിക്കുന്നു എന്നതാണ്.

സഭയിൽ മനഃപൂർവ്വം ഭിന്നത ഉണ്ടാക്കിയിട്ട് മറ്റുള്ളവരുടെ മേൽ പഴി വയ്ക്കാൻ നല്ല താല്പര്യം ഉണ്ടാകും എന്നാൽ സ്വയം ഏല്ക്കാൻ മനസ്സില്ല. പ്രിയരേ നമ്മൾ ചെയ്യുന്ന തെറ്റ് എന്തായാലും നമ്മൾ തന്നെ സമ്മതിച്ച് ഏറ്റുപറയണം. അതാണ് ദൈവയിഷ്ടം.

പ്രിയ ദൈവജനമേ! നമ്മൾ മുഖാന്തരം സമൂഹത്തിൽ, ഭവനത്തിൽ, സഭയിൽ എന്തെങ്കിലും കോൾ ഉണ്ടായിട്ടുണ്ടോ? കുറഞ്ഞ പക്ഷം കൂട്ടു സഹോദരന്മാരുടെയെങ്കിലും കോൾ ഉണ്ടായിട്ടുണ്ടോ ആഞ്ഞടിച്ചിട്ടുണ്ടോ? സഭയ്ക്ക് ഉലച്ചിൽ ഉണ്ടായിട്ടുണ്ടോ? കപ്പൽ പ്രമാണി ചോദിച്ചതുപോലെ ആരെങ്കിലും തെറ്റുചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ അത് സമ്മതിച്ച് ഏറ്റുപറഞ്ഞ് സഭാന്തരീക്ഷം നല്ല നിലയിൽ വരാൻ ആഗ്രഹിച്ചിട്ടുണ്ടോ? കുറ്റം ഏറ്റുപറയുക. ◉

---

*പേജ് 3 ന്റെ തുടർച്ച* **(വ്യാജ വർത്തമാനം പരത്തരുത്)**

കടിഞ്ഞാണിട്ടു നിയന്ത്രിക്കാം. എത്ര വലിയ കപ്പലും ഏറ്റം ചെറിയ ചുക്കാൻ കൊണ്ട് അമരക്കാരൻ തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. പക്ഷെ നാവിനെ കടിഞ്ഞാണിട്ടു നിയന്ത്രിക്കാനാവാത്ത ഒരു ചെറിയ അവയവമാകുന്നു. അതുകൊണ്ട് എത്രവലിയ ദോഷമാണ് മനുഷ്യർ പറഞ്ഞു പരത്തുന്നത്! മാരകമായ വിഷം നിറഞ്ഞതത്രെ നാവ്! ഒരേ നാവു കൊണ്ടു തന്നെ നമ്മുടെ സ്തുതി പറയുവാനും അതേ നാവു കൊണ്ട് ദുർവർത്തമാനങ്ങൾ പറഞ്ഞു പരത്താനും കഴിയുന്നു എന്നത് എത്ര അത്ഭുതകരമായിരിക്കുന്നു. എന്നാൽ “ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷനാകുന്നു” എന്നത്രെ തിരുവചനം: ദൈവം നമുക്കു നല്കിയിട്ടുള്ള പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ തക്ക “ഇന്ദ്രിയജയം” നമുക്ക് നല്കിയിട്ടുണ്ട്. “എന്റെ അധരം നീതികേടു സംസാരിക്കയില്ല. എന്റെ നാവു വ്യാജം സംസാരിക്കയില്ല” എന്ന തീരുമാനമെടുക്കുവാനുള്ള ബുദ്ധിയും ശക്തിയും ദൈവം നമുക്കു നല്കിയിട്ടുണ്ട്. “വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല. അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ! നീതിമാന്റെ നാവ് മേത്തരമായ വെള്ളി. നീതിമാന്റെ അധരങ്ങൾ പലരേയും പോഷിപ്പിക്കും. വക്രതയുള്ള നാവോ ഛേദിക്കപ്പെടും. സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും. ജ്ഞാനികളുടെ നാവ് സുഖപ്രദം. ഒരു നല്ല വാക്ക് ദുഃഖിച്ചിരിക്കുന്ന ഹൃദയത്തെ സന്തോഷിപ്പിക്കും. അതേ സമയം വാളുകൊണ്ടു കുത്തും പോലെ മൂർച്ചയായി സംസാരിക്കുന്നവരും ഉണ്ട്. തന്റെ വായുടെ ഫലത്താൽ മനുഷ്യൻ നന്മ അനുഭവിക്കും. മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കുന്നു. കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു. തക്കസമയത്തു പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻ നാരങ്ങാപോലെ. ഇങ്ങനെയുള്ള അനേകം നല്ലതും തീയതുമായ വാക്കുകളേക്കുറിച്ച് തിരുവചനത്തിൽ ജ്ഞാനിയായ സോളമൻ പറഞ്ഞിരിക്കുന്നത് വളരെ അർത്ഥവത്തായതാകുന്നു. എല്ലാറ്റിലുമുപരിയായി വ്യാജ വർത്തമാനം പറഞ്ഞു പരത്തുന്നത് ശിക്ഷാർഹമായ പാപമാകുന്നു എന്നോർക്കുക. ◉

# ആഘോഷിക്കപ്പെടാതിരുന്ന വിജയം



ജെസി ബെൻസെൻ, കൊച്ചി

***ശൗ***ലിന്റെ മകനായ യോനാഥാൻ തന്റെ ആയുധവാഹകനുമൊപ്പം ഫെലിസ്ത്യ പാളയത്തിലേക്ക് കയറിച്ചെന്ന് അവരെ ആക്രമിച്ചതോടെ ശൗലും കൂടെയുള്ള ജനവും ഒന്നിച്ചുകൂടി അവർക്കൊപ്പം പടയ്ക്കു ചെല്ലുകയും ഫെലിസ്ത്യർ തോറ്റോടുകയും ചെയ്തു. യുദ്ധവിജയത്തിലേക്കുള്ള മുന്നേറ്റത്തിനിടെ ശൗൽ രാജാവ് ജനത്തെക്കൊണ്ട് ഒരു ശപഥം ചെയ്യിച്ചിരുന്നു. "സന്ധ്യയ്ക്കു മുമ്പും ഞാൻ എന്റെ ശത്രുക്കളോട് പ്രതികാരം ചെയ്യുവോളവും ആഹാരം കഴിക്കുന്നവൻ ശപിക്കപ്പെട്ടവൻ'' എന്നു ശൗൽ പറഞ്ഞു ജനത്തെക്കൊണ്ട് സത്യം ചെയ്യിച്ചിരുന്നതിനാൽ യിസ്രായേല്യർ അന്നു വിഷമത്തിലായി; ജനത്തിൽ ഒരുത്തനും ആഹാരം ആസ്വദിച്ചതുമില്ല" (1ശമു. 14:24).

പിന്തിരിഞ്ഞോടുന്ന ശത്രുക്കളെ പിന്തുടർന്ന് സംഹരിക്കുന്നതിനിടെ ശത്രുപാളയത്തിലെ കൊള്ളയിൽ നിന്ന് ഭക്ഷിപ്പാൻ പോകുന്നത് യുദ്ധത്തിന്റെ ഗതിമാറ്റുമോ എന്നു ഭയപ്പെട്ടായിരിക്കാം, ആരും അന്ന് സന്ധ്യയ്ക്കു മുമ്പെ ഭക്ഷിക്കരുതെന്ന് രാജാവ് കല്പിച്ചത്. എന്നാൽ ആ ശപഥത്തിൽ ഒരു ശാപംകൂടെ ഉൾപ്പെടുത്തിയത് ഭയാനകമായൊരു സ്ഥിതിവിശേഷത്തിലേക്കാണ് നയിച്ചത്. ആഹാരം കഴിക്കാതെ യുദ്ധം ചെയ്ത ജനം ക്ഷീണിതരായിത്തീരുകയും ഫെലിസ്ത്യരുടെ പരാജയം അത്ര നല്ലതായി അനുഭവപ്പെടാതിരിക്കയും ചെയ്തു. മാത്രമല്ല, യോനാഥാൻ മരണയോഗ്യനെന്ന് വിധിക്കപ്പെടുന്നതിനും അത് ഇടവരുത്തി.

ശൗൽ ചെയ്യിച്ചിരുന്ന ശപഥത്തെ കുറിച്ച് അറിയാതെ യോനാഥാൻ തേൻ ആസ്വദിച്ചതാണ് അവൻ മരണയോഗ്യനെന്നു വിധിക്കപ്പെടുന്നതിന് ഇടയാക്കിയത്. 'ചെയ്യരുതെന്നു യഹോവ കല്പിച്ചിട്ടുള്ള വല്ല കാര്യത്തിലും ആരെങ്കിലും പിഴെച്ചിട്ട് അവൻ അറിയാതിരുന്നാലും കുറ്റക്കാരനാകുന്നു; അവൻ തന്റെ കുറ്റം വഹിക്കേണം" (ലേവ്യ. 5:17) എന്നതുപോലെ യോനാഥാൻ അറിയാതെ ചെയ്ത പ്രവൃത്തിയായിരുന്നിട്ടും അവൻ കുറ്റക്കാരനെന്നു വിധിക്കപ്പെട്ടു.

തേൻ ആസ്വദിക്കുന്നത് അതിൽതന്നെ ഒരു തെറ്റല്ല മാത്രമല്ല, ക്ഷീണിച്ചിരിക്കുന്ന ജനത്തിന് ഉന്മേഷം പകരുന്നതിന് അത് പ്രയോജനകരവുമാണ്. എന്നിട്ടും ശൗൽ ചെയ്യിപ്പിച്ച ശപഥം നിമിത്തം ജനം തേൻ എന്നല്ല, മറ്റ് യാതൊന്നും ആസ്വദിക്കാനാവാത്തവിധം ശപഥത്തിൻ കീഴിലും യോനാഥാൻ ശപഥലംഘനം നിമിത്തം ശാപത്തിൻ കീഴിലും ആയിത്തീർന്നു. ശപഥത്തിന്റെ ബന്ധനം സന്ധ്യവരെ മാത്രം നീളുന്നതായിരുന്നെങ്കിൽ ശാപത്തിന്റെ ബന്ധനം യോനാഥാനെ മരണവിധിക്കു യോഗ്യനാക്കിത്തീർക്കുന്നതായിരുന്നു.

ലംഘനം പലപ്പോഴും ജഡത്തെ തണുപ്പിക്കുന്നതും സുഖിപ്പിക്കുന്നതും മാത്രമല്ല. ആസ്വാദ്യകരവുമായിരിക്കും. എന്നാൽ അതിന്റെ പരിണതഫലം ആത്മാവിനെ കെടുക്കുന്നതും അസ്വസ്ഥമാക്കുന്നതുമായിരിക്കും. ഫെലിസ്ത്യരുടെ തോല്വി ആഘോഷിക്കപ്പെടാതിരിക്കുന്നതിനുപോലും ശപഥലംഘനം കാരണമായി. കണ്ണു തെളിയിക്കുന്നതും വിശപ്പകറ്റുന്നതുമായ വിരുന്നുകളാണ് ബാഹ്യവും ഭൗതികവുമായ സകല ആഘോഷങ്ങളുടെയും പ്രധാനഘടകം.

*ശേഷം പേജ് 19-ൽ കാണുക*

# തക്കതുണ

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും (ഉത്പത്തി 2:18). കുടുംബം ദൈവത്താൽ സ്ഥാപിതമാകയാൽ വിവാഹം എല്ലാവർക്കും മാന്യമാണ്. ഇരു മാതാപിതാക്കളാൽ വളർത്തപ്പെട്ട സ്ത്രീയും പുരുഷനും തമ്മിൽ ദൈവഹിതത്താലും മാതാപിതാക്കളുടെ ആശീർവാദത്തോടും സമൂഹത്തിന്റെ അനുവാദത്തോടും ഒരുമിച്ച് ജീവിക്കാൻ അനുവദിക്കപ്പെടുന്നതാണ് വിവാഹം. ദൈവം ആദാമിനു തുണയായി ഹവ്വയെ നല്കിയത് മുതൽ ആരംഭിച്ചതാണ് ഈ പദ്ധതി. ഇതിന്റെ അവസാനം സഭാകാന്ത നായ ക്രിസ്തു സഭയാം മണവാട്ടിയെ വേളി കഴിക്കുന്നതോടെ ദൈവം ആരംഭിച്ച ഈ പദ്ധതിക്ക് വിരാമമിടുന്നു.

മക്കൾക്ക് വിവാഹത്തെക്കുറിച്ചുള്ള തിരിച്ചറിവ് ആകുമ്പോൾ മുതൽ അവരും മാതാപിതാക്കളും തക്ക തുണയെ ലഭിക്കുന്നതി നായി കർത്താവിനോട് പ്രാർത്ഥിക്കണം. "ഇണയല്ലാപ്പിണ കൂടരുത്" എന്ന ദൈവ കല്പന മക്കളെ പറഞ്ഞു മനസ്സിലാക്കണം. വിവാഹം ആലോചിക്കുന്ന സമയത്ത് ഓരോ ആലോചന വരുമ്പോഴും ദൈവം ഒരുക്കിയ ആലോചന ഏതെന്ന് അറിയുന്നതിനായി പ്രാർത്ഥിച്ചു ദൈവഹിതത്തിനായി കാത്തിരി ക്കണം. തിടുക്കത്തിൽ ഒരു കാര്യവും തീരുമാനിക്കരുത്. പങ്കാളിയെ തിരഞ്ഞെടുക്കു മ്പോൾ ധനം, വിദ്യാഭ്യാസം, കുടുംബമഹിമ, സൗന്ദര്യം എന്നിവ മാനദണ്ഡമാക്കാതെ ദൈവഹിതം തിരിച്ചറിഞ്ഞ് തീരുമാനമെടു ക്കണം. അവർ തമ്മിൽ കണ്ട് സംസാരിക്കു മ്പോൾ കർത്താവ് അവർക്ക് സമാധാനം കൊടുക്കുന്നെങ്കിൽ മാത്രമേ അവർ തീരുമാനം എടുക്കുവാൻ പാടുള്ളൂ. മാതാപിതാക്കളു ടെയോ മറ്റുള്ളവരുടെയോ പ്രലോഭനത്താൽ വിവാഹത്തിന് സമ്മതിക്കരുത്.

വ്യത്യസ്തമായ പശ്ചാത്തലത്തിൽ ജനിച്ചു വളർത്തപ്പെട്ട, രണ്ട് വ്യക്തിത്വങ്ങൾക്ക് ഉടമയായവർ ഒരുമിച്ച് ഭവനം പണി ആരംഭിക്കു മ്പോൾ കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിക്കണം. വിവാഹവേളയിൽ അവർ എടുത്തിരിക്കുന്ന പ്രതിജ്ഞ അന്ത്യത്തോളം കാത്തു സൂക്ഷിക്കുവാനായി ദൃഢനിശ്ചയം എടുക്കണം. രാത്രി കിടക്കുന്ന സമയത്തും, രാവിലെ എഴുന്നേല്ക്കുമ്പോഴും ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്നത് ജീവിതവിജയത്തിന്റെ ഒരു ചവിട്ടുപടിയാണ്. മുപ്പിരി ചരട് അറ്റു പോകുക യില്ല. ദാമ്പത്യജീവിതം വിജയപ്രദമാക്കുക എന്നത് വളരെ ശ്രമകരമാണ്. പങ്കാളിയുടെ ബലഹീനത കണ്ടില്ല എന്ന് വയ്ക്കുകയും നന്മകളെ പ്രോത്സാഹിപ്പിക്കുകയും വേണം. എന്നാൽ സന്തോഷത്തോടെ ഇരിക്കുന്ന സമയം തമ്മിൽ ഇഷ്ടപ്പെടാതിരുന്ന കാര്യ ങ്ങൾ ദൈവത്തിൽ ആശ്രയിച്ച് സ്നേഹ ത്തോടെ പരസ്പരം പറഞ്ഞുതീർക്കുകയും അതു ഇരുഭാഗത്തു നിന്നും ആവർത്തി ക്കാതിരിക്കുകയും വേണം. ഭർത്താവിന്റെ അധികാരമുപയോഗിച്ച് ഭാര്യയെ കീഴ്പ്പെടു ത്താൻ ശ്രമിക്കരുത്. ഏത് ഭാര്യയും ഭർത്താ വിന്റെ സ്നേഹത്താൽ കീഴ്പ്പെട്ട് ഇരിക്കും. ഭർത്താക്കന്മാരേ ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. (എഫെ. 5:25)

ഭാര്യമാർ ഒരിക്കലും ഭർത്താവിന്റെ മേൽ ഭരണം നടത്താൻ ശ്രമിക്കരുത്. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന് കൊടുക്കേണ്ട ബഹുമാനം

കൊടുത്തു സ്വയം കീഴ്പ്പെട്ടിരിക്കണം. ഭാര്യ മാരേ, കർത്താവിന്നു എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ (എഫെ. 5:22). ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. പ്രാർത്ഥനയിലും തിരുവചന വായനയിലും ഉറ്റിരിപ്പിൻ. ദൈവിക സത്യങ്ങളെ മനസ്സിലാക്കി അതിലെ വിലയേറിയ വാഗ്ദത്ത ങ്ങളെ മുറുകെ പിടിച്ചാൽ ജീവിതം ധന്യമാകും, തലമുറകൾ അനുഗ്രഹിക്കപ്പെടും. ദേശത്തു പാർത്തു വിശ്വസ്തത ആചരിക്കാൻ സാധിക്കും. ആത്മാവ് നിറഞ്ഞവരായി, സങ്കീർത്തന ങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങ ളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ (എഫെ. 5:18-20).

ഒരു പെൺകുട്ടി വിവാഹശേഷം ഭർത്തൃഗൃഹത്തിൽ എത്തുമ്പോൾ തന്റെ ഭർത്താവ് മാത്രമായിരിക്കില്ല അവിടെയുള്ളത്, മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും ഉണ്ടാകാം. താൻ വളർന്ന ചുറ്റുപാടോ തന്റെ മാതാപിതാക്കൾ തന്നോട് പെരുമാറിയ രീതിയോ ആയിരിക്കണമെന്നില്ല അവൾക്ക് അവിടെ ലഭിക്കുന്നത്. എന്നാൽ തന്റെ ഭർത്താവിന്റെ മാതാപിതാക്കളും സഹോദര ങ്ങളും അന്നുമുതൽ തന്റേതാണ് എന്ന് ഹൃദയത്തിൽ ഒരു തീരുമാനം എടുക്കണം. തന്റെ വീട്ടിൽ തനിക്കുണ്ടായിരുന്ന സ്വാതന്ത്ര്യം മുഴുവനായി ഭർത്തൃഗൃഹത്തിൽ ജീവിതാ രംഭത്തിൽ ലഭിച്ചെന്നിരിക്കില്ല. എന്നാൽ ദൈവികജ്ഞാനത്താൽ താഴ്മയോടും വിനയ ത്തോടുമുള്ള പെരുമാറ്റത്താൽ എല്ലാവ രുടെയും ഹൃദയം കവരാൻ അവൾക്ക് കഴിയും. എല്ലാവരിൽ നിന്നുള്ള സ്നേഹവാത്സല്യം അവൾക്ക് ലഭിക്കുകയും ഭർത്താവിന്റെ ഹൃദയം അവളിൽ ആനന്ദിക്കുകയും ചെയ്യും. കുടുംബം സമാധാനവും സന്തോഷവും നിറ ഞ്ഞതായി തീരുകയും സ്വഭവനത്തിൽ ഉണ്ടാ യിരുന്നതിലും അധികം നന്മകളും, അനു ഗ്രഹവും ഭർത്തൃഗൃഹത്തിൽ അവൾക്ക് ആസ്വദിക്കാൻ സാധിക്കും. ഭവനവും, സമ്പത്തും പിതാക്കന്മാർ വെച്ചേക്കുന്ന അവകാശം. ബുദ്ധിയുള്ള ഭാര്യയോ യഹോവയുടെ ദാനം (സദൃശ. 19:14).

ക്രിസ്തീയ പടകിൽ കാറ്റും കോളും തിരമാലയും ആഞ്ഞടിക്കാൻ സാധ്യതകൾ ഏറെയുണ്ട്. സീയോൻസഞ്ചാരികളായ നമ്മുടെ യാത്രയിൽ കർത്താവ് അമരത്ത് ഉണ്ടെങ്കിൽ കാറ്റിനെയും തിരമാലകളെയും ശാസിച്ചമർത്തി യാത്ര സുഖകരമാക്കിക്കൊള്ളും. ദൈവം സമ്പൂർണ്ണരായ രണ്ട് വ്യക്തികളെ അല്ല കുറവു കൾ ഉള്ള വ്യക്തികളെയത്രെ ഒരുമിച്ച് ആക്കി യിരിക്കുന്നത്. ക്ഷമയില്ലാത്ത ഭർത്താവിന് ക്ഷമ പഠിപ്പിക്കുന്ന രീതിയിലുള്ള ഭാര്യയെ നല് കുന്നു. എന്തുകൊണ്ടെന്നാൽ അവർ തമ്മിൽ തമ്മിൽ സഹിച്ചും ക്ഷമിച്ചും ജീവിതവിശുദ്ധി കാത്തുസൂക്ഷിച്ച് വിശുദ്ധജീവിതം നയിച്ച് ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപ പ്പെടുക എന്നതാണ് ദൈവത്തിന്റെ ഇഷ്ടം അതിനായി അവരെ പ്രാപ്തരാക്കുകയാണ്. പ്രശ്നങ്ങൾ ജീവിതത്തെ തകർക്കുകയല്ല കൂടുതൽ വിജയകരമാക്കാൻ പഠിപ്പിക്കുന്ന തത്രേ. കുടുംബം ഒരു പളുങ്കു പാത്രംപോലെ കാത്തു സൂക്ഷിക്കണം തകർന്നുപോകാവുന്ന ചില സാഹചര്യങ്ങൾ കടന്നു വന്നേക്കാം എന്നാൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയാണ് അവരെ മാതൃകാ ദമ്പതിമാർ ആക്കുന്നത്. പ്രതിസന്ധികളിൽ തളർന്നു പോകാതെ കർത്തൃസന്നിധിയിൽ ഭാരം ഏല്പിക്കണം. ജീവിതത്തിൽ തെറ്റുപറ്റി പോയെന്ന് ഇരിക്കാം. എന്നാൽ പരസ്പരം തുറന്നു സംസാരിച്ച് ഹൃദയത്തിലെ ഭാരം ഇറക്കി വയ്ക്കണം വിട്ടുവീഴ്ച മനോഭാവം രണ്ടുപേർക്കും ഉണ്ടായിരിക്കണം. ദൈവ ത്തോടും ജീവിതപങ്കാളിയോടും ക്ഷമ ചോദി ക്കാൻ മടിക്കരുത്. സ്വയമായി സാധിച്ചെന്നു വരില്ല. ദൈവമുമ്പാകെ മുട്ട് മടക്കുമ്പോൾ പ്രശ്നങ്ങൾ മഞ്ഞുപോലെ ഉരുകിപോകും. കൂടുതൽ കൃപ നല്കി അനുഗ്രഹപൂർണ്ണമായ കുടുംബജീവിതം നയിക്കാൻ കർത്താവ് സഹായിക്കും. പങ്കാളികളുടെ ഇടയിലുള്ള ചില പ്രശ്നങ്ങൾ നിസ്സാരമായിരിക്കാം. എന്നാൽ അത് മാതാപിതാക്കളുടെ അടുക്ക

ലെത്തി അവരത് കൈകാര്യം ചെയ്യുമ്പോൾ അത് വലിയ പ്രശ്നങ്ങൾക്ക് വഴി മാറുന്നതായി കാണാം. ഒരിക്കലും ഭർത്തൃഗൃഹത്തിലെ പ്രശ്നങ്ങൾ സ്വന്തഭവനത്തിൽ പറഞ്ഞു പ്രശ്നം വഷളാക്കരുത് പെൺകുട്ടികൾ വന്ന് വീട്ടിൽ പറയുമ്പോൾ മാതാപിതാക്കൾ ദൈവവചന അടിസ്ഥാനത്തിൽ അവരെ ഉപദേശിച്ച് നേരെ ആക്കണം. അല്ലാതെ മക്കളെ സ്വന്തം ഭവനത്തിലേക്ക് വിളിച്ചു വരുത്തി മകളുടെ ജീവിതം തകർക്കാൻ ഇടയാക്കരുത്, ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' മത്തായി 19:6. വിവാഹശേഷം പങ്കാളികളുടെ മാതാപിതാക്കൾക്ക് മക്കളുടെ എല്ലാ കാര്യങ്ങളിലും ഇടപെടേണ്ട ആവശ്യമില്ല. വിവാഹശേഷം അവർ വേറൊരു കുടുംബമാണ്. അവരുടെ ജീവിതം അവർ ദൈവഹിത പ്രകാരം പണിയട്ടെ. എന്നാൽ അവരുടെ ഇടയിൽ ഉണ്ടാകാൻ സാധ്യതയുള്ളതും അവർക്ക് പരിഹരിക്കാൻ കഴിയാതെ പ്രശ്നം രൂക്ഷമാകുന്നു എന്ന് കണ്ടാൽ ഇരുവശത്തു നിന്നും മാതാപിതാക്കൾക്ക് ദൈവിക ആലോചന പ്രകാരം ഇടപെട്ട് സ്നേഹത്തിൽ അവരുടെ ഇടയിലുള്ള പ്രശ്നം പരിഹരിക്കാം. കുടുംബത്തെ തകർക്കുക എന്ന പിശാചിന്റെ ലക്ഷ്യം നാം തിരിച്ചറിഞ്ഞ് അതിനോട് എതിർത്തു നില്ക്കാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണം.

"വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ; എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രാ. 13:4). പങ്കാളികൾ തമ്മിൽ പറ്റിച്ചേരലിന്റെ ഒരു അനുഭവം ഉണ്ടായിരിക്കണം. അവർ ഒരു ദേഹമായി തീരും എന്ന് തിരുവചനം പറയുന്നു. അതുകൊണ്ട് അവർ തമ്മിൽ ഒരു കളത്രപ്രേമം ഉണ്ടായിരിക്കണം. ആ സ്നേഹം മറ്റാരിലേക്കും പകർന്നു പോകാൻ പാടുള്ളതല്ല. ദുർന്നടപ്പ് നിമിത്തം ഓരോരുത്തനും സ്വന്തഭാര്യയും ഓരോരുത്തിക്കും സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ.

ഇന്ന് ലോകമനുഷ്യരുടെ ഇടയിൽ കാണുന്നതുപോലെയുള്ള അവിശ്വസ്തത ദൈവജനത്തിന്റെ ഇടയിലും കണ്ടുവരുന്നു. പ്രായമായ ദമ്പതികളുടെ ഇടയിൽപോലും ഈ കാര്യത്തെചൊല്ലി പ്രശ്നങ്ങൾ ഉള്ളതായി അറിയുന്നു. വിവാഹത്തിനു മുമ്പ് മാത്രമല്ല കിടക്ക നിർമ്മലമായിരിക്കേണ്ടത് ജീവിതത്തിലെ അവസാന നിമിഷം വരെയും പങ്കാളികൾ തമ്മിൽ വിശ്വസ്തത കാത്തു സൂക്ഷിക്കേണ്ടതുണ്ട്. ചില ദമ്പതികളുടെ ഇടയിൽ സംശയരോഗത്താൽ ഇങ്ങനെയുള്ള പ്രശ്നങ്ങൾ വന്നിരിക്കാം. എന്നാൽ തന്റെ പങ്കാളിയുടെ രോഗാവസ്ഥയാണ് അതെന്ന് തിരിച്ചറിഞ്ഞ് അതിനുവേണ്ട ചികിത്സ ആവശ്യമാണ്. എന്നാൽ ദൈവഭയമില്ലാത്ത ചിലരുടെ ഇടയിലും ഇങ്ങനെയുള്ള ചില തകർച്ചകൾ കണ്ടുവരുന്നുണ്ട്. ദൈവം നല്കിയ പത്ത് കല്പനയിൽ ഏഴാമത്തെ കല്പനയായ "വ്യഭിചാരം ചെയ്യരുത്" എന്ന് കല്പന എത്ര നിസ്സാരമായാണ് നാം കാണുന്നത്. പഴയനിയമത്തിൽ ആ തെറ്റ് ചെയ്താൽ ആയിരുന്നു ലംഘനം എങ്കിൽ ഇന്ന് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി (മത്തായി 5:28). ഈ ദൈവകല്പന എത്ര ഭയത്തോടും വിറയലോടും അനുസരിക്കേണ്ടവരാണ് ദൈവമക്കൾ. ദാമ്പത്യജീവിതം സമാധാനവും സന്തോഷവും സംതൃപ്തിയും നിറഞ്ഞതായി അവസാനനിമിഷം വരെ ദൈവം നല്കിയ ജീവിതപങ്കാളിയെ ചേർത്തുപിടിച്ച് ദൈവകല്പന അനുസരിച്ച് വിശ്വസ്തത പുലർത്തി ജീവിക്കാൻ കർത്താവ് എല്ലാ ദൈവമക്കൾക്കും കൃപ നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

***"മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ട്; യഹോവയുടെ ആലോചനയോ നിവൃത്തിയാകും."***

**(സദൃശവാക്യങ്ങൾ 19:21)**

# ഉൽപത്തി മുതൽ വെളിപ്പാട് വരെ കഥാരൂപത്തിൽ



മേരി കുരവയ്ക്കൽ, ഡാളസ്, ടെക്സസ്

ഞാൻ ഉൽപത്തിയിൽ നിന്ന് പുറപ്പെട്ട് ലേവ്യരുടെ അടുത്തെത്തി, അവരുടെ സംഖ്യ ആവർത്തിച്ചെഴുതി.

അപ്പോൾ യോശുവ ന്യായാധിപന്മാരോടും രൂത്തിനോടും ചേർന്നു. “ശമൂവേലേ” “ശമുവേലേ” എന്നു രണ്ടു പ്രാവശ്യം വിളിക്കുന്നതു ഞാൻ കേട്ടു.

രാജാക്കന്മാരുടെ ദിനവൃത്താന്തങ്ങൾ എസ്രാ എഴുതി നെഹെമ്യാവിനെ ഏല്പിക്കുന്നതും ഞാൻ കണ്ടു.

എസ്ഥേർ അവളുടെ സഹോദരനായ ഇയ്യോബിനെക്കുറിച്ച് മനോഹരമായ സങ്കീർത്തനങ്ങൾ ആലപിക്കയും കുട്ടികളെ സദൃശവാക്യങ്ങൾ പഠിപ്പിക്കയും ചെയ്തു.

സഭാപ്രസംഗി തപ്പിനോടും കിന്നരത്തോടും കൂടെ മാധുര്യമേറുന്ന ഉത്തമഗീതം പാടി ആസ്വദിച്ചു.

യെശയ്യാവ് യിരെമ്യാവിന്റെ വിലാപങ്ങളിൽ അവനോടു ചേർന്ന് ദുഃഖിച്ചു. ദുഃഖിക്കുന്നവരോടു ചേർന്നു ദുഃഖിക്കാനാണല്ലോ കർത്താവപ്പച്ചൻ പഠിപ്പിക്കുന്നത്. യെഹെസ്കേലും ദാനീയേലും പ്രവചിച്ചു കൊണ്ടിരുന്നു.

ഹോശേയ, യോവേൽ, ആമോസ് എന്ന ത്രിമൂർത്തികൾ ഉല്ലാസയാത്രയ്ക്കു പോയതായി ഓബദ്യാവ് അറിയിപ്പു നല്കി. യോന തർശ്ശിശിലേക്ക് കപ്പൽ കയറി എന്നും മീഖ, നഹൂം, ഹബക്കൂക് എന്നിവർ യോനായെ തേടി പോയി എന്നും സെഫന്യാവ് അറിയിപ്പു നല്കി. ഹഗ്ഗായിയും സെഖര്യാവും അവരുടെ മച്ചുനനായ മലാഖിയെ കാണാൻ പോയിരിക്കുന്നു എന്നും ഒരു കേൾവി കേട്ടു.

അനേക പൂർണ്ണ ചന്ദ്രന്മാർക്കു ശേഷം മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ പ്രവൃത്തികൾ റോമർ അറിഞ്ഞു.

ഒന്നാം കൊരിന്ത്യരും രണ്ടാം കൊരിന്ത്യരും മത്സരബുദ്ധിക്കാരായിരുന്നു എന്ന സത്യം ഗലാത്യർക്കും എഫെസ്യർക്കും നന്നായി അറിയാമായിരുന്നു. ഫിലിപ്പിയരും കൊലൊസ്സ്യരും തമ്മിൽ കട്ട സുഹൃത്തുക്കൾ ആയിരുന്നതിനാൽ അവർ ഒരു യാത്രയ്ക്കുള്ള പരിപാടി ആസൂത്രണം ചെയ്തു.

ആദ്യം ഒന്നാം തെസ്സലൊനിക്യരെ കാണണം, അതിനുശേഷം രണ്ടാം തെസ്സലൊനിക്യരെ കാണാൻ പോയെ മതിയാവൂ. ആ യാത്രയിൽ തന്നെ ഒന്നും രണ്ടും തിമൊഥെയൊസ് സഹോദരന്മാരെക്കൂടെ കാണണം എന്ന് അവർ തീരുമാനിച്ചു.

തീത്തൊസിനെയും ഫിലെമോനെയും എബ്രായ ഭാഷ പഠിപ്പിക്കണമെന്ന് യാക്കോബിനു വളരെ നിർബന്ധം.

പത്രൊസേ, പത്രൊസേ എന്നു യോഹന്നാൻ മൂന്നുപ്രാവശ്യം വിളിച്ചു. യൂദായ്ക്കു ശേഷം ദൈവം നല്കിയ വെളിപ്പാട് എന്തെന്ന് വായിച്ചറിയുക. ◉

# ഈ ലോകത്തിനു അനുരൂപരാകാതെ!!!

പാസ്റ്റർ. എ.ജെ. ജോൺ കൊഴുവല്ലൂർ



സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (1 യോഹ. 5:19) അതുകൊണ്ടാണ് ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുതെന്ന ഉപദേശം (സങ്കീ. 1:1) നല്കിയിരിക്കുന്നത്. പഴയനിയമകാലത്ത് ഫറവോനെയും മിസ്രയീമിനെയും ഈ ലോകത്തിന്റെ ചിത്രമായി പരാമർശിക്കുന്നതുപോലെ പുതിയനിയമത്തിൽ ഈ ലോകത്തിനായി പരാമർശിക്കുന്ന പദം “റോം” ആകുന്നു.

ഈ ലോകത്തെ ദൈവം സൃഷ്ടിച്ചതാണെങ്കിലും; ദൈവത്തിന്റെ സാദൃശ്യപ്രകാരം സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിൽ വീണതോടെ ഭൂമി ശാപഗ്രസ്തമായിത്തീർന്നു. ആദാമിനെയും ഹൗവ്വയെയും പാപത്തിൽ വീഴ്ത്താൻ പിശാചിന്റെ ഉപകരണമായിത്തീർന്ന പാമ്പിനെ ദൈവം ശപിച്ചു (ഉത്പ. 3:14). ആദാം നിമിത്തം ഭൂമി ശപിക്കപ്പെട്ടു (ഉത്പ. 3:17) എന്നും ദൈവം അരുളിച്ചെയ്തു. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ 5:12) എന്ന വാക്യം ഇവിടെ ചേർത്തു വായിക്കാം. വേദപുസ്തകത്തിൽ “ഈ ലോകം” എന്ന പ്രയോഗം അനാത്മീയതയെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ലോകം ശാപഗ്രസ്തവും പാപപങ്കിലവും ആയിത്തീർന്നെങ്കിലും ഈ ലോകത്തിന് ഒരു വീണ്ടെടുപ്പുണ്ട്; പുതിയ ആകാശവും, പുതിയ ഭൂമിയും ദൈവജനത്തിന്റെ ഭാവി പ്രത്യാശയാണ്.

ഗ്രീക്കിലെ KOSMOS, OIKOUMENE, AION എന്ന പദങ്ങൾ ലോകം എന്ന മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ക്രമം: വ്യവസ്ഥ: മനുഷ്യാധിവാസമുള്ള എന്നീ വിവിധ അർത്ഥങ്ങളിൽ കോസ്മോസ് ഉപയോഗിക്കാറുണ്ട്. യാക്കോബ് 3:6-ൽ പറഞ്ഞിരിക്കുന്ന “അനീതി ലോകവും” കോസ്മോസാണ്. ഗ്രീക്ക് പുതിയ നിയമത്തിൽ 15 പ്രാവശ്യം OIKOUMENE ഉപയോഗിച്ചിട്ടുണ്ട്. ഭൂവാസികൾ എന്ന അർത്ഥത്തിൽ OIKOU MENE പ്രയോഗിച്ചിട്ടുണ്ട്. മത്താ. 24:14, എബ്രാ. 1:6, വെളി. 3:10 എന്നിവിടങ്ങളിലും ഈ പദം ഉപയോഗിച്ചിരിക്കുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് എന്നു പറഞ്ഞിരിക്കുന്നതിന്റെ ആത്മീയ അർത്ഥത്തിനാണ് പ്രസക്തി. “ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല; ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു” (1 യോഹ. 2:15-17).

ലോകം, ജഡം, പിശാച് എന്ന ത്രിത്വം എന്നും അനാത്മികതയുടെ പര്യായങ്ങളാണ്. ലോകമനുഷ്യൻ എന്ന പ്രയോഗം അനാത്മീകനെ സൂചിപ്പിക്കുന്നു. അനാത്മികനെയും ജഡീകനെയും പ്രാകൃതമനുഷ്യൻ എന്ന് വിശേഷിപ്പിക്കാം. പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല” (1 കൊരി. 2:14) പ്രാകൃതമനുഷ്യൻ അപരിഷ്കൃതനാണ് എന്ന അർത്ഥത്തിലല്ല അനാത്മികൻ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

തമിഴ് ബൈബിളിൽ ജന്മസ്വഭാവമുള്ള മനുഷ്യൻ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ജന്മനാ മനുഷ്യരെല്ലാം പാപികളാണ് എന്ന നിലയിൽ ജന്മസ്വഭാവമുള്ള എന്ന പ്രയോഗം കുറെകൂടെ അർത്ഥവത്താണ്. Natural Man എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ. ജന്മനാ എല്ലാവരും പാപികളാണെന്നും ക്രിസ്ത്യാനി ആയിട്ട് ആരും ജനിക്കുന്നില്ലെന്നും യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവും ദൈവവുമായി അംഗീകരിച്ച് വിശ്വസിച്ച് ഹൃദയത്തിൽ സ്വീകരിച്ച് വീണ്ടും ജനിച്ചാൽ (യോഹ. 3:3) മാത്രമേ ദൈവപൈതലാകാൻ കഴിയൂ അഥവാ ക്രിസ്ത്യാനിയാകാൻ കഴിയൂ എന്നും വിശുദ്ധ ബൈബിൾ വ്യക്തമാക്കുന്നു. ആത്മീയതയ്ക്ക് പല പരിപ്രേക്ഷ്യങ്ങളുണ്ട്. എന്നാൽ വിശുദ്ധ ബൈബിൾ നല്കുന്ന ആത്മീയതയുടെ ബാലപാഠം മാനസാന്തരമാണ്. യേശുവിലുള്ള വിശ്വാസവും പാപബോധവും അനുതാപവുമാണ് മാനസാന്തരത്തിലേക്ക് നയിക്കുന്നത്. ഇപ്രകാരം വ്യക്തിപരമായ വിശ്വാസവും മാനസാന്തരത്തിന്റെ അനുഭവവും ഇല്ലാത്തവർ എത്ര സൽപ്രവൃത്തികൾ ചെയ്താലും സംസ്കാര സമ്പന്നരായി ജീവിച്ചാലും അവർ ജഡീകരാണ്. അഥവാ അനാത്മീയരാണ്; ഈ ലോകത്തിനു അനുരൂപരാണ്.

പാപിനിയായ സ്ത്രീയോട് ഇനി പാപം ചെയ്യരുതെന്നു യേശു കല്പിച്ചു. അന്യായമായി ചുങ്കം പിരിച്ച് അനധികൃത സ്വത്ത് സമ്പാദിച്ച സഖായി യേശുവിനെ കണ്ടു കഴിഞ്ഞപ്പോൾ അനുതാപവിവശനായി പറഞ്ഞത് മാനസാന്തരത്തിന്റെ "Out come" ആയിരുന്നു. യേശുവിനെ കൈക്കൊണ്ടു സഖായി ഇനി മുതൽ കൃത്യമായി ദശാംശം കൊടുത്തേക്കാം എന്നല്ല പറഞ്ഞത് അവന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ പകുതി ദരിദ്രർക്ക് കൊടുക്കാമെന്നും ചതിവായി വാങ്ങിയത് നാലുമടങ്ങ് മടക്കിക്കൊടുക്കും എന്നു സഖായി തീരുമാനിക്കുക ആയിരുന്നു.

"ഈ ലോകത്തിന്നു അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നും തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" റോമർ 12:2. ◉

---

*പേജ് 5 ന്റെ തുടർച്ച* **(പദവി ദുരുപയോഗം ചെയ്തവൾ)**

നമ്മുടെയിരിപ്പ്, പദവി ദുരുപയോഗം ചെയ്യുന്ന പരിഹാസികളോടുകൂടിയാണോ? നമ്മുടെ നില്പ്, പാപികളോടു (ദുഷ്ടന്മാരോടു) കൂടി ആണോ? തിരിച്ചുവരാം നമുക്ക് പിതാവിൽ നിന്നും അകന്നുപോയ ധൂർത്തപുത്രനെപ്പോലെ,

പ്രിയമുള്ളവരേ, ഇന്ന് യേശുവിന്റെ സ്നേഹവും സഹിഷ്ണുതയും സൗമ്യതയും ലോകത്തിനു വെളിപ്പെടുത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം നീതിന്യായ കോടതികളിൽ തലതല്ലികീറുമ്പോൾ ഓർക്കാറില്ല നമ്മുടെ പദവി ദുഷ്ടന്റെ മുമ്പിൽ അടിയറവച്ചു ദുരുപയോഗം ചെയ്തിരിക്കയാണെന്ന്. ഇങ്ങനെ എല്ലാ മേഖലയിലും ദുഷ്ടൻ നമ്മുടെ പദവി ദുരുപയോഗം ചെയ്യുവാൻ (ദൈവപൈതങ്ങളെ) വലവിരിച്ചിരിക്കുന്നു ജാഗ്രത വേണം. നമുക്ക് വചനംകൊണ്ട് ഹൃദയത്തെ നിറയ്ക്കാം. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കാം. ഒരു ഭക്തൻ ഇങ്ങനെ പാടി:

"കാലുകൾ ഏറെക്കുറെ വഴുതിപ്പോയി
ഒരിക്കലും ഉയരില്ല എന്നു നിനച്ചു
എന്റെ നിനവുകൾ ദൈവം മാറ്റിയെഴുതി
പിന്നെ കാൽ വഴുതുവാനിടവന്നില്ല."

പാപത്തിന്റെ പെരുവഴിയിലൂടെ ഓടുന്ന തന്റെ മക്കളുടെ തിരിച്ചുവരവിനു വേണ്ടി ക്ഷമയോടെ കാത്തിരിക്കുന്ന കരുണാസമ്പന്നനായ ദൈവത്തിന്റെ അവർണ്ണനീയ സ്നേഹം നമുക്കായി ജീവനർപ്പിച്ച യേശുവിലൂടെ തിരിച്ചറിഞ്ഞ് തന്നിരിക്കുന്ന ആയുസ്സിൽ ദൈവപൈതൽ എന്ന പദവി നഷ്ടപ്പെടുത്താതെ സംസാരത്തിലും, പ്രവൃത്തിയിലും, കൊടുക്കവാങ്ങലിലും വിശ്വസ്തയോടെ ജീവിക്കുവാൻ കരുണാനിധിയായ കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ◉

# അനാത്മീയ പ്രവണതകൾ കുടുംബങ്ങളിൽ

**ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ**



സന്തോഷകരമായി ആരംഭിക്കുന്ന കുടുംബജീവിതത്തിൽ പല അസന്തുഷ്ടികളും കടന്നുകയറി ഹൃദയങ്ങളിൽ കാലുഷ്യം വിതയ്ക്കുകയും ഈർഷ്യ വളർത്തുകയും ചെയ്യുന്നു എന്നത് ക്രിസ്തീയ കുടുംബങ്ങൾ നേരിടുന്ന സങ്കീർണ്ണമായ ഒരു വെല്ലുവിളിയാണ്. അങ്ങനെ ക്രിസ്തീയ കുടുംബങ്ങളിൽ ചെറിയതും വലിയതുമായ അഭിപ്രായവ്യത്യാസങ്ങളും ധാരണപ്പിശകുകളും ആശയവിനിമയ വൈരുദ്ധ്യങ്ങളും ഉടലെടുക്കുന്നു. ഇത് അല്പമല്ലാത്ത വാദപ്രതിവാദത്തിലേക്കും ഉരസലുകളിലേക്കും ക്രമേണ ജഡിക യുദ്ധങ്ങളിലേക്കും കുടുംബങ്ങളെ നയിക്കുന്നു. ശരിയല്ലാത്ത സ്ഥാനത്തും സമയത്തും മറ്റു സമ്മർദ്ദങ്ങൾക്ക് വശംവദരാകുമ്പോഴും ചിന്തയില്ലാതെയും ക്ഷമയില്ലാതെയും അന്യോന്യം പ്രയോഗിക്കുന്ന മുനയുള്ള വാക്കുകളും മുഖഭാവവും പ്രവൃത്തികളും ശാരീരിക ഭാഷയും മറ്റു ജഡിക ചേഷ്ടകളുമാണ് ദമ്പതികളെ ഇത്തരം ജഡിക യുദ്ധങ്ങളിൽ കൊണ്ടെത്തിക്കുന്നത്. ദാവീദ്-മീഖൾ, യാക്കോബ്-റാഹേൽ, ഇയ്യോബ്-ഭാര്യ തുടങ്ങിയവരുടെ കുടുംബജീവിതങ്ങളിൽ ഇത്തരം അലോസരങ്ങൾ നമുക്കു കാണുവാൻ കഴിയും. ഇത്തരം ഉരസലുകൾക്കു പിമ്പിൽ സാഹചര്യസമ്മർദ്ദങ്ങളും ദമ്പതികളിൽ ഒരാളിന്റെയോ രണ്ടു പേരുടെയുമോ മനോഭാവവും ഉണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ**
**"സന്തുഷ്ട ക്രിസ്തീയ കുടുംബം"**
**എന്ന പുസ്തകത്തിൽ നിന്നും**

അനേക ദമ്പതികൾക്കും ദൈവിക പ്രമാണമായ വിട്ടുപിരിയൽ (മാതാ-പിതാ-ബന്ധു-മിത്രർ) വേണ്ടവണ്ണം പാലിക്കാൻ സാധിക്കാറില്ല. അതിനനുസരിച്ച് ജീവിതപങ്കാളിയോട് ശരിയാംവണ്ണം പലർക്കും പറ്റിച്ചേരാനും കഴിയുന്നില്ല. ഇതാണ് പലപ്പോഴും കുടുംബജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകാൻ കാരണമാകുന്നത്. കുടുംബജീവിതത്തിൽ മാതാപിതാക്കളുടെയും ബന്ധുക്കളുടെയും മിത്രങ്ങളുടെയും തൊഴിലിന്റെയും വ്യക്തിപര താത്പര്യങ്ങളുടെയും ഒക്കെ അമിത സ്വാധീനവും കൈകടത്തലും ചെറുക്കാൻ ദമ്പതികൾക്ക് സാധിക്കാത്തിടത്തോളം അവ ദമ്പതികളുടെ ഇടയിൽ പ്രവേശിക്കാൻ ഇടയാകും. അവ അവരെ തമ്മിൽ അകറ്റുകയും ചെയ്യും. ജോലിയിൽ ഉയരാനുള്ള അമിതാഭിനിവേശവും കായിക വിനോദങ്ങളോടുള്ള അമിത ഭ്രമമോ (ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയവ) മീഡിയയുടെ ശക്തമായ കുരുക്കുകളോ (സിനിമ, സംഗീതം, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവ), വിവിധ ധനസമ്പാദന പ്രക്രിയകളോ അലസതയോ ഒക്കെ ദമ്പതികളെ തമ്മിൽ അടുപ്പിക്കാത്ത (അഥവാ അകറ്റുന്ന) പ്രേരക ശക്തികളായിത്തീരുന്നുണ്ട്. അതായത് ദൈവത്തിനും പങ്കാളിക്കും കുടുംബത്തിനും സമൂഹത്തിനുമായി ജീവിതം സമർപ്പിക്കുവാൻ സാഹചര്യമോ മനസ്സോ ആഗ്രഹമോ ഇല്ലാതെ വരികയാൽ വേണ്ടതുപോലെ വിട്ടുപിരിയാനും വേണ്ടുംവണ്ണം പറ്റിച്ചേരാനും ദമ്പതികൾക്ക് സാധിക്കാതെ വരുന്നു. അങ്ങനെ പങ്കാളിക്കുണ്ടാകുന്ന മാന

സികവ്യഥയും നിരാശയും തന്മൂലമുണ്ടാകുന്ന ഉരസലുകളും വാദപ്രതിവാദങ്ങളും വിദ്ധ്വംസക പ്രകടനങ്ങളും കുടുംബജീവിതത്തെ പിടിച്ചുലയ്ക്കുന്നു എന്ന് വരും. ഇത്തരം പ്രതികരണങ്ങൾ വർദ്ധിച്ചു ഹൃദയങ്ങൾ കൂടുതൽ അകലുവാനും തന്മൂലം കൂടുതൽ അനൈക്യത്തിനും വൈകാരിക മുറിവുകൾക്കും ഇടയാക്കുന്നുമുണ്ട്. ദൈവം തങ്ങളെ കുടുംബത്തിലാക്കിയിരിക്കുന്നു എന്ന ബോദ്ധ്യത്തിൽ ദൈവിക പ്രമാണമായ വിട്ടുപിരിയലും പറ്റിച്ചേരലും ശരിയായി പാലിക്കാൻ കൃപയ്ക്കായി ദമ്പതികൾ പ്രാർത്ഥിക്കുകയും സമർപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിനുള്ള പോംവഴി.

ദമ്പതികളിൽ പലർക്കും അശുഭകരവും നിഷേധാത്മകവുമായ ചിന്താസരണി ഉണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. അത് അവരുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും പെരുമാറ്റത്തെയും ബാധിക്കുകയും ചെയ്യും. ചിലർക്ക് ഇത് സാഹചര്യങ്ങളിൽ നിന്നും പൂർവ്വകാല അനുഭവങ്ങളിൽക്കൂടിയും മറ്റുള്ളവരുടെ അനുഭവങ്ങളെക്കുറിച്ചുള്ള അറിവുകളിൽ നിന്നുമാണ് ഉണ്ടാകാറുള്ളത്. മറ്റു ചിലർക്ക് ചില അന്ധവിശ്വാസങ്ങൾ മൂലവും തുടർച്ചയായി ദുഃസ്വപ്നങ്ങൾ കാണുന്നതു മൂലവും വേറെ ചിലർക്ക് വിമർശനാത്മക മനോഭാവം ഉള്ളതു കൊണ്ടും ഇതെല്ലാം ചേർന്ന് അവരുടെ വിശ്വാസജീവിതത്തിന് വിള്ളൽ ഏല്ക്കുവാൻ ഇടയാകും. ഇത്തരം ചിന്താസരണികൾ പലപ്പോഴും കുടുംബജീവിതത്തിൽ പ്രതിഫലിക്കുകയും ദാമ്പത്യ ബന്ധത്തെ പ്രതികൂലമായി ബാധിക്കുകയും വിള്ളലുകൾ ഉണ്ടാക്കുകയും ചെയ്യുവാൻ ഇടയുണ്ട്. ശുഭാപ്തി വിശ്വാസം ദൈവവചനത്തിലെ വാഗ്ദത്തങ്ങളിൽ മുറുകെ പിടിക്കുന്നതുമൂലവും ദൈവാത്മാവിനു കീഴ്പെടുന്നതുമൂലവുമാണ് ഒരു വിശ്വാസിയിൽ ഉണ്ടാകുന്നത്. ഇതു മനസ്സിലാക്കി ദമ്പതികൾ ഒന്നിച്ചും വ്യക്തിപരമായും പ്രാർത്ഥനയിൽ പോരാടിയാൽ മാത്രമെ അശുഭചിന്തയിൽ നിന്നും വിടുതൽ ലഭിക്കുകയുള്ളൂ. ഈ വിടുതൽ വിജയകരമായ കുടുംബജീവിതത്തിന് അത്യന്താപേക്ഷിതമാണ്.

പലർക്കും ദീർഘനാളത്തെ ജീവിത നൈരാശ്യത്താലും കുടുംബത്തിലെ അലോസരങ്ങൾ മൂലവും വിഷാദമുണ്ടാകാറുണ്ട്. കാലക്രമത്തിൽ ഇത് വിഷാദരോഗമായി (Depression) പരിണമിക്കുകയും ചെയ്യാറുണ്ട്. കൂടാതെ അശുഭചിന്താസരണിമൂലവും മറ്റുള്ളവരുടെ അനുഭവത്തിന്റെ വെളിച്ചത്തിലും മാധ്യമസ്വാധീനം വഴിയും ദമ്പതികളിൽ ഒരാൾക്കോ രണ്ടു പേർക്കുമോ അന്യോന്യ സംശയം (Paranoia) പൊട്ടിമുളയ്ക്കുകയും കുറേശ്ശ അത് വളരുകയും ചെയ്തു എന്നു വരാം. ഇത്തരം സംശയങ്ങൾ സാമ്പത്തിക-സാന്മാർഗ്ഗിക മേഖലകളിലാണ് സാധാരണ അനുഭവപ്പെടാറുള്ളത്. അതോടുചേർന്ന് സംശയം മറ്റു പല രംഗങ്ങളിലേക്കും വ്യാപിക്കുകയും തന്മൂലം തോന്നലുകളുടെ അടിസ്ഥാനത്തിലോ അല്ലാതെയോ സ്നേഹക്കുറവ്, അകല്ച്ച, വെറുപ്പ്, വിദ്വേഷം, കരുതലില്ലായ്മ, കയ്പ്, ഊഷ്മളതക്കുറവ്, മുഖഭാവ വ്യത്യാസങ്ങൾ ഇവയെല്ലാം വന്നു കൂടുകയും അന്യോന്യം സംശയദൃഷ്ടിയോടെ വീക്ഷിക്കാനിടവരികയും ചെയ്യും. ക്രമേണ സംശയം ഒരു വലിയ മാനസികസംഘർഷവും രോഗവുമായി മാറുകയും ചെയ്യും. പിന്നെ സംശയം സ്ഥിരീകരിക്കാനുള്ള തെളിവുകൾക്കു വേണ്ടിയുള്ള നെട്ടോട്ടമായി. അങ്ങനെ രോഗം വർദ്ധിക്കാനിടവരും. ഇങ്ങനെ വിഷാദരോഗവും സംശയരോഗവും വളർന്നു വർദ്ധിച്ച് കുടുംബജീവിതത്തെ താറുമാറാക്കാനുള്ള സാധ്യത വളരെ വലിയതാണ്. ഈ രണ്ടു രോഗങ്ങൾക്കുമുള്ള പരിഹാരം അടിസ്ഥാനമായ ആത്മീയ ശാക്തീകരണവും പ്രാർത്ഥനയുമാണ്. ജീവിത പങ്കാളിയോ കുടുംബാംഗങ്ങളോ സഭാശുശ്രൂഷകരോ തുടക്കത്തിൽത്തന്നെ പ്രാർത്ഥനയോടെ ശ്രമിച്ചാൽ ഈ മാനസിക പ്രശ്നങ്ങളെ പരിഹരിക്കാൻ സാധിക്കും. രോഗങ്ങൾ കൂടുതൽ കടുത്തു പോയാൽ ചിലപ്പോൾ മനോരോഗ

ചികിത്സ തന്നെ വേണ്ടി വന്നു എന്നു വരാം. അതേ സമയത്ത് ആത്മീയ ചികിത്സയും തുട രേണ്ടതായിട്ടുണ്ട്.

ദമ്പതികൾ തമ്മിൽ കൂടി ആലോചിച്ചു ഐക്യമത്യത്തോടും പ്രാർത്ഥനയോടും കൂടെ കുടുംബപരമായ സുപ്രധാന തീരുമാനങ്ങൾ എടുക്കുക എന്നത് കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇവിടെ യാണ് ദൈവകല്പനയ്ക്ക് വിരുദ്ധമായി ഏശാവിനെ അനുഗ്രഹിക്കാൻ ശ്രമിച്ച ഇസഹാക്കും, കുടുംബവിഗ്രഹം മോഷ്ടിച്ച് മറച്ചുവച്ച റാഹേലും കുടുംബജീവിതത്തിൽ പരാജയപ്പെട്ടത്. തെറ്റായ കാര്യങ്ങൾ ഒന്നിച്ച് തീരുമാനി ച്ചുറച്ച ആഹാബ്- ഈസബേൽ ദമ്പതികൾ, അനന്യാസ്-സഫീര എന്നിവരും നമുക്ക് മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. വ്യാജം പറയാനായി അബ്രാഹാമും സാറയും ഒന്നിച്ചു തീരുമാനി ച്ചുറച്ചിരുന്നു എന്നതും ഭയാനകമായ ഒരു സത്യമാണ്. താഴ്മയും ക്രിസ്തുയേശുവിലുള്ള ഭാവവും തികഞ്ഞ ദൈവഭയമുണ്ടാകുകയും അല്ലാതെ ഇതിനു വേറെ പ്രതിവിധി ഇല്ല. അവ അനുതാപത്തോടും ഏറ്റുപറച്ചിലോടും കൂടി യുള്ള പ്രാർത്ഥനയോടെ മാത്രം ലഭിക്കുന്ന ആത്മീയ അനുഗ്രഹങ്ങളാണ്.

ക്രിസ്തീയ കുടുംബങ്ങളിൽ എല്ലാ സുപ്രധാന തീരുമാനങ്ങളും ഐക്യമത്യം, പരസ്പര ബഹുമാനം, കുടുംബത്തിന്റെ ആത്യന്തിക ക്ഷേമം, ദൈവനടത്തിപ്പ്, വചനാടിസ്ഥാനം, ഒന്നിച്ചുള്ള പ്രാർത്ഥന ക്ഷമയോടുള്ള കാത്തിരിപ്പ്, അനുതാപഹൃദയം എന്നിവയിൽ അടി സ്ഥാനപ്പെട്ടതായിരിക്കണം. വളരെ പ്രാർത്ഥി ച്ചിട്ടും ഏകാഭിപ്രായത്തിൽ എത്താൻ സാധി ക്കാത്ത കാര്യങ്ങളിൽ കുടുംബനാഥനായ ഭർത്താവിന്റെ തീരുമാനത്തിന് കാര്യങ്ങൾ സന്തോഷത്തോടെ വിട്ടുകൊടുക്കുകയാണ് ഉത്തമയായ ഭാര്യയുടെ വചനാനുസരണമുള്ള കടമ (സംഖ്യ 30; 1 പത്രൊസ് 3:1-2, 4-9; കൊലൊസ്യർ 3:18-19; എഫെസ്യർ 5:22-32).

പല കുടുംബങ്ങളിലും തങ്ങളുടെ ചുമ തലകൾ സന്തോഷത്തോടും ഉത്സാഹത്തോടും ഉത്തരവാദിത്ത ബോധത്തോടും കൂടെ ഏറ്റെടുത്ത് ചെയ്യുവാൻ താത്പര്യം കാണിക്കാത്ത ദമ്പതികളെ കാണാൻ സാധിക്കും. ഇത്തരം അലസമായ മനോഭാവം കുടുംബഭദ്രതയെയും സന്തോഷത്തെയും ഭാര്യാഭർത്തൃബന്ധ ത്തെയും ആഴമായി ബാധിക്കും എന്നതിൽ സംശയം ലേശമില്ല. മാത്രമല്ല അടുത്ത തലമുറയ്ക്ക് ഇത് വലിയ മാതൃകാദോഷവും ആയി ത്തീരും. ഇത് ആത്മികവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും ഒരുപോലെ ബാധകമാണ് എന്നത് മറന്നുകൂടാ. കർത്താവിൽ ആശ്രയിച്ചു കൊണ്ട് കുടുംബത്തിനു വേണ്ടി ആത്മികമായും ഭൗതികമായും അദ്ധ്വാനിക്കുന്ന ഭർത്താവിനെ 127-ാം സങ്കീർത്തനത്തിൽ നമുക്കു കാണാം. അദ്ധ്വാനശീലയും ഉത്സാഹിയുമായ ഉത്തമ യായ ഭാര്യയെ സദൃശവാക്യങ്ങൾ 31, 9:1, 14:1, തീത്തൊസ് 3:18 ഈ വേദഭാഗങ്ങളിൽ നാം കാണുന്നുണ്ട്. ഇതൊക്കെ ക്രിസ്തീയ ദമ്പതി കൾക്കുള്ള പാഠവും മാതൃകയും കല്പനാധി ഷ്ഠിത വചനങ്ങളുമാണ്. ഇങ്ങനെ കുടുംബപ രമായ ചുമതലകൾ സന്തോഷത്തോടെയും ത്യാഗമനോഭാവത്തോടെയും സ്വമനസ്സാലെയും ഏറ്റെടുത്തു നടത്താത്ത അലസരും ചിന്തയില്ലാത്തവരും സ്വാർത്ഥരുമായ ദമ്പതികൾ കുടുംബ ത്തിന്റെ ആത്മികവും ഭൗതികവുമായ ഐശ്വ ര്യത്തിനും സന്തോഷത്തിനും ഐക്യത്തിനും തുരങ്കം വയ്ക്കുന്നവരുമായിരിക്കും. ഇങ്ങനെ യുള്ള പങ്കാളികൾ കാരണം ധാരാളം മനോവ്യഥ അനുഭവിക്കുന്ന അനേക ജീവിതപങ്കാളിക ളെയും തകരുന്ന കുടുംബങ്ങളെയും നമുക്കു കാണാം. ദൈവം ഏല്പിച്ചിരിക്കുന്ന കുടുംബം എന്ന താലന്തിനെക്കൊണ്ട് ദൈവത്തിനു വേണ്ടി വ്യാപാരം ചെയ്യാതെ മടിയരായി ജീവി ക്കുന്ന ദമ്പതികൾക്ക് വചനം കൊടുക്കുന്ന പേര് 'ദുഷ്ടർ' എന്നാണ് എന്നു നാം മറക്കരുത്. ഇതൊരു ഭയനിർദ്ദേശമാണ് എന്ന് വചനത്തിൽ നിന്നും മനസ്സിലാക്കണം (മത്താ. 25:26).

ധനസമ്പാദനത്തിൽ ദൈവവചനപ്രമാ ണങ്ങൾ ലംഘിക്കുന്നവരെയും ദമ്പതികൾക്കി ടയിൽ നമുക്കു കാണാം. ഉണ്ണാനും, ഉടുപ്പാനും ഉണ്ടെങ്കിലും കൂടുതൽ ധനസമ്പാദനത്തിനായി

ദീർഘനാളുകൾ അന്യോന്യം അകന്നു പാർക്കുന്നവർ കുടുംബഭദ്രത, സന്തോഷം, കരുതൽ, ആത്മീയ ചുമതലകൾ ഇതൊക്കെയും ബലി കഴിക്കുകയും തദ്വാരാ അനവധി ആത്മികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയുമാണ് എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അതുപോലെ ധനം ചെലവാക്കുന്ന മാർഗ്ഗങ്ങളിലും അത് പങ്കാളിയെ അറിയിക്കാതെ രഹസ്യമായി ചില ബന്ധുക്കൾക്കും മിത്രങ്ങൾക്കും ബിസിനസ്സുകൾക്കും കൊടുക്കുകയും ചെയ്യുന്ന വരുണ്ട്. ഇതിന്റെയൊക്കെ ഫലമായി അനേക കുടുംബങ്ങളിൽ അലോസരങ്ങളും കുടുംബഭദ്രതയില്ലായ്മയും കാണുന്നുണ്ട്. പലരും ഇങ്ങനെ സാമ്പത്തിക പരാധീനതകളും വഴക്കുകളും നിയമപ്രശ്നങ്ങളും ഒക്കെ വരുത്തി വച്ച് ഹൃദയസമാധാനവും സന്തോഷവും കളഞ്ഞു കുളിക്കാറുണ്ട്. ഇത്തരം കാര്യങ്ങളിൽ വചനത്തിലേക്കു മടങ്ങി ഐക്യമത്യത്തോടെയും പ്രാർത്ഥനയോടെയും ദമ്പതികൾ കാര്യങ്ങൾ ഒന്നിച്ച് ആലോചിച്ചു തീരുമാനിച്ചു മുന്നോട്ടു പോയാൽ മാത്രമെ കുടുംബഭദ്രതയും സന്തോഷവും നിലനില്ക്കുകയുള്ളൂ. ◉

---

*പേജ് 9 ന്റെ തുടർച്ച* **(ആഘോഷിക്കപ്പെടാതിരുന്ന വിജയം)**

എന്നാൽ അനുസരണത്താലുളവാകുന്ന സംതൃപ്തി ബാഹ്യ ആഘോഷങ്ങളെ കവിയുന്നതും മനസ്സിനെ തണുപ്പിക്കുന്നതും ക്ഷീണമകറ്റുന്നതുമാണ്.

ഫെലിസ്ത്യരുടെ പരാജയം ആഘോഷിക്കേണ്ടതിന്, തങ്ങൾ ജീവിച്ചിരിക്കുന്നു എന്ന ഒരേയൊരു കാരണം മാത്രം മതി. യുദ്ധത്തിൽ കൊല്ലപ്പെട്ടവർക്കു ജയവും തോല്വിയുമൊന്നും ബാധകമല്ല. ജനം ക്ഷീണിച്ചിരിക്കുന്നു എന്ന് ജനത്തിൽ ഒരുത്തൻ പറഞ്ഞതിനു കാരണം, തേൻ ആസ്വദിക്കുവാൻ തങ്ങൾക്കു നിവൃത്തിയില്ലല്ലോ എന്ന സങ്കടത്തിലാണ്. സന്ധ്യകഴിഞ്ഞാൽ തങ്ങൾക്കും തേനും മറ്റ് സകലതും ആസ്വദിക്കാം എന്നൊരു ചിന്ത അവർക്കുണ്ടായിരുന്നെങ്കിൽ ക്ഷീണം അനുഭവ പ്പെടുകയോ, ജനം ക്ഷീണിച്ചിരുന്നു എന്നു പരിഭവം പറയുകയോ ചെയ്യാതെ, ഫെലിസ്ത്യരെ തോല്പിക്കാൻ കഴിഞ്ഞത് അവർ ആസ്വദിക്കയും ആഘോഷിക്കയും ചെയ്യുമായിരുന്നു.

മുപ്പതിനായിരം രഥവും ആറായിരം കുതിരച്ചേവകരും അസംഖ്യം ജനവുമായി തങ്ങൾക്കെതിരെ പാളയമിറങ്ങിയ ഫെലിസ്ത്യരെ രണ്ടേ രണ്ടുവാളും അറുനൂറ് പടയാളികളുമായി എതിരിടാനാകാതെ പകച്ചുനിന്ന കാര്യമൊക്കെ അവർ എപ്പോഴേ മറന്നു കളഞ്ഞു. യോനാഥാൻ ആയുധവാഹകനുമായി ഫെലിസ്ത്യരുടെ പാളയത്തിലേക്ക് കയറിച്ചെന്ന് നടത്തിയ പോരാട്ടത്തിന്റെയും അത്യല്പംകൊണ്ട് ദൈവം അനുവദിച്ച വിജയത്തിന്റെയും മഹത്ത്വം ഗ്രഹിക്കാതെയാണ് അവർ ശൗലിന്റെ ശപഥത്തെയും ജനത്തിന്റെ ക്ഷീണത്തെയും കുറിച്ചൊക്കെ വർണ്ണിച്ചത്. തേൻ നുകരുവാനും കൊള്ളയിൽ നിന്നു വേണ്ടുംപോലെ ഭക്ഷിക്കുവാനും സന്ധ്യവരെ മാത്രമേ കാത്തിരിക്കേണ്ടതുണ്ടായിരുന്നുള്ളൂ. എന്നിട്ടും ദൈവത്തിനു മഹത്ത്വം കരേറ്റുകയോ നന്ദി പറയുകയോ രാജാവിന്റെ ശപഥത്തോട് സാവധാനതയോടെ പ്രതികരിക്കുകയോ ചെയ്യാതെ പരിഭവം പറയുന്നവരായിത്തീർന്നു പോകുന്നത് പരിതാപകരമാണ്.

നാം നേരിടേണ്ടിവരുന്ന ഏതു വിഷയത്തോടുള്ള ബന്ധത്തിലും ദൈവത്തിന്റെ ഇടപെടലും കരുതലുമാണ് നാം ആദ്യം ഗ്രഹിക്കയും മഹത്ത്വം കരേറ്റുകയും ചെയ്യേണ്ടത്. സന്ധ്യവരെയോ നൈമിഷികമായോ നേരിടുവാനിടയുള്ള താത്ക്കാലിക കഷ്ടങ്ങളെ അതിജീവിക്കുന്നതിനും അത് പ്രയോജനകരമാണ്. നിത്യജീവൻ പ്രാപിച്ചിരിക്കുന്നു എന്ന ഒരൊറ്റ കാരണത്താൽ മാത്രം ആഘോഷമാക്കിത്തീർക്കാവുന്ന ജീവിതമാണ് നാം പരാതിയും പരിഭവവും പറഞ്ഞ് നഷ്ടപ്പെടുത്തുന്നത്. ആകയാൽ, യഹോവ നല്കിയ നന്മകളെയും ഉപകാരങ്ങളെയും സർവ്വോപരി നിത്യജീവനെയും നമുക്കു ധ്യാനിച്ചുകൊണ്ടിരിക്കാം. ദൈവം കൃപ നല്കുമാറാകട്ടെ.

◉

# കേരളത്തിലെ പെണ്ണെഴുത്തുകാർ വിസ്മരിച്ച ക്രൈസ്തവ വനിതകൾ



**മേഴ്സി മോനിക്സ് അമ്മാൾ BTh., കോട്ടയം**

മലയാളസാഹിത്യത്തിലെ പെണ്ണെഴുത്തുകാരും സ്ത്രീ വിമോചന പ്രസ്ഥാനക്കാരും സ്ത്രീശാക്തീകരണത്തിന്റെ വക്താക്കളുമെല്ലാം ഒരുപോലെ വിസ്മരിച്ച പത്തൊമ്പതാം നൂറ്റാണ്ടിലെ ക്രൈസ്തവ വനിതകളിൽ ചിലരെ വർത്തമാനകാല ചിന്താധാരയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിലൂടെ.

കേരളം അന്ധകാരയുഗത്തിൽ നിന്നും പ്രകാശമാനമായ പുതുയുഗത്തിലേക്ക് പ്രവേശിച്ച പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ത്രീ സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി ധീരമായി പോരാടിയ നിരവധി ക്രൈസ്തവ വനിതകളിൽ പേരെടുത്തു പറയാവുന്നവർ "യേശു അടിയാൾ, നീതി അടിയാൾ" എന്നിവരാണ്. തെക്കൻ തിരുവിതാംകൂറിൽ കീഴാള സ്ത്രീകൾക്ക് മാറുമറയ്ക്കാൻ സ്വാതന്ത്ര്യം ഇല്ലാതിരുന്ന കാലത്തു ധൈര്യമായി മാറുമറച്ച് പൊതുനിരത്തിൽ സഞ്ചരിച്ച് വിപ്ലവം സൃഷ്ടിച്ചവരാണീ ക്രൈസ്തവ വനിതകൾ! നൂറ്റാണ്ടുകളായി അടിമത്തത്തിൽ നരകിച്ചു കഴിഞ്ഞിരുന്ന ഒരു ജനസമൂഹത്തിലേക്ക് സ്വാതന്ത്ര്യത്തിന്റെ സന്ദേശം എത്തിച്ചത് പ്രൊട്ടസ്റ്റന്റ് മിഷണറിമാരാണ്. 1805 മുതൽ ലണ്ടൻ മിഷണറി സൊസൈറ്റി (എൽ. എം. എസ്.) യുടെ മിഷണറിമാർ തെക്കൻ തിരുവിതാംകൂറിൽ പ്രേഷിതപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പ്രാരംഭ വർഷങ്ങളിൽ വേലുത്തമ്പിദളവ അനുവാദം നിഷേധിച്ചതിനാൽ പള്ളിയും പള്ളിക്കൂടവും സ്ഥാപിക്കുക അസാദ്ധ്യമായിരുന്നെങ്കിലും 1809-ന് അദ്ദേഹത്തിന്റെ മരണശേഷം കേണൽ മെക്കാളയുടെ സഹായത്താൽ തിരുവിതാംകൂറിൽ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളും ലണ്ടൻ മിഷന്റെ പള്ളിയും സ്ഥാപിക്കാൻ കഴിഞ്ഞു.

തെക്കൻ തിരുവിതാംകൂറിലെ മൈലാടി എന്ന ഗ്രാമത്തിൽ ജീവിച്ചിരുന്ന ശൈവമത ഭക്തനായിരുന്ന മഹാരാസൻ എന്നൊരാൾ ചിതംബരം ക്ഷേത്രത്തിൽ തീർത്ഥാടനത്തിന് പോയി മടങ്ങിവരുന്ന വഴിയിൽ തഞ്ചാവൂരിൽ വച്ച് ആദ്യമായി സുവിശേഷപ്രസംഗം കേട്ട് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുകയും അവിടെ ഉണ്ടായിരുന്ന വിദേശമിഷണറി ജോൺ കാസ്ഫർ അദ്ദേഹത്തിനു "വേദമാണിക്യം" എന്ന പുതിയ പേരു നല്കി മടക്കി അയയ്ക്കുകയും ചെയ്തു. 1805-ൽ സ്വന്തം ഗ്രാമത്തിൽ എത്തി സുവിശേഷീകരണം ആരംഭിക്കുകയും അദ്ദേഹത്തിന്റെ ക്ഷണപ്രകാരം 1806-ൽ വില്യം തോബിയാസ് റിംഗിൾടോബ് എന്ന വിദേശ മിഷണറി എത്തി മൈലാടിയിൽ പള്ളിയും ഇംഗ്ലീഷ് പള്ളിക്കൂടവും സ്ഥാപിച്ചു. പിന്നീട് മിഷണറിമാരായ ചാൾസ് മീഡും ഭാര്യയും, ചാൾസ് മാൾട്ടും ഭാര്യയും എത്തി നിരവധി പള്ളികളും സ്കൂളുകളും സ്ഥാപിച്ചു. മിഷണറിമാരുടെ ഇംഗ്ലീഷ് സ്കൂളുകളിൽ പഠിച്ചും പള്ളി ആരാധനയിലെ പ്രബോധനങ്ങൾ കേട്ടും പ്രബുദ്ധരായ ക്രൈസ്തവ വനിതകളാണ് ആദ്യമായി മാറു മറച്ച് പൊതു നിരത്തിലിറങ്ങാൻ ധൈര്യം കാട്ടിയത്. യേശു അടിയാൾ, നീതി അടിയാൾ എന്നിവർ അയിത്തജാതിയിൽ നിന്നും യേശുവിനെ

രക്ഷിതാവായി സ്വീകരിച്ചവർ ആയിരുന്നു. ഇവർ ഹിന്ദുമതത്തിൽ നിന്നും പരിവർത്തനം ചെയ്തവരാണെന്നു കരുതുന്നതിൽ ചരിത്ര പരമായൊരു പിശകുണ്ട്. ബ്രാഹ്മണർ മുതൽ താഴോട്ട് ശൂദ്രർ (നായർ) വരെയുള്ളവരാണ് ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയിലുള്ളത്. ബാക്കിയുള്ളവർ അയിത്തജാതിക്കാർ കീഴാളർ, പുറജാതിക്കാർ എന്നിങ്ങനെയാണ് കരുതി യിരുന്നത്. പ്രത്യേകിച്ച് ഒരു മതവും ഇല്ലാത്ത ദ്രാവിഡ ഗോത്ര വിശ്വാസാരാധനയും പൂജയും നടത്തിവന്ന ഈഴവർ തുടങ്ങി പട്ടിക ജാതിവർഗ്ഗക്കാർ ഹിന്ദുമതത്തിനു പുറത്തുള്ള വരാണ് അന്നും ഇന്നും. ബ്രാഹ്മണർ മുതൽ ശൂദ്രർവരെയുള്ള നാല് വിഭാഗം (ചതുർ വർണ്ണം) മനുഷ്യരെയല്ലാതെ അഞ്ചാമത് ഒരു വിഭാഗത്തെ ബ്രഹ്മാവ് സൃഷ്ടിച്ചിട്ടില്ല എന്നു മനുസ്മൃതി 10-ാം അദ്ധ്യായം 4-ാം ശ്ലോകം വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഈഴവർ തുടങ്ങിയ അയിത്തജാതിക്കാർ ഹിന്ദുമതം വിട്ട് മതം മാറിയവരാണെന്നുള്ള സർക്കാർ രേഖകളും തിരുത്തപ്പെടേണ്ടതാണ്.

നായർ സ്ത്രീകൾ അവരുടെ മേൽ വസ്ത്രം ഊരിവച്ച് അർദ്ധനഗ്നരായി ക്ഷേത്രാ രാധനയ്ക്കു വരണം എന്ന നിയമം നിലനിന്ന കാലത്ത് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച സ്ത്രീകൾ മാറുമറച്ച് വസ്ത്രം ധരിച്ചു മാത്രമേ പള്ളി ആരാധനയിൽ പങ്കെടുക്കാവൂ എന്നു ക്രൈസ്തവ മിഷണറിമാർ നിഷ്ക്കർഷിച്ചു. മിസ്സിസ്സ് ചാൾസ് മീഡും, മിസ്സിസ്സ് ചാൾസ് മാൾട്ടും തുന്നിയ മേൽ വസ്ത്രങ്ങൾ ധരിച്ചാണ് യേശു അടിയാൾ, നീതി അടിയാൾ എന്നീ വനിതകൾ രംഗത്തിറങ്ങിയത്. ഇവരുടെ പേരിനൊപ്പം ഈ മിഷണറി വനിതകളുടെയും പേരുകൾ കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ നവോത്ഥാന നായികമാർ എന്നു രേഖപ്പെടുത്തേണ്ടതാണ്.

1 തിമൊ. 2:9-ൽ "സ്ത്രീകളും യോഗ്യ മായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും" എന്നു പറഞ്ഞിരിക്കുന്ന തിന്റെ അടിസ്ഥാനത്തിലാണ് മിഷണറിമാർ സ്ത്രീകളെ യോഗ്യമായ വസ്ത്രം ധരിക്കാൻ പ്രേരിപ്പിച്ചത്. "women adorn themselves in modest" എന്നു King James version-നിലും; women to dress modestly, with decency and propriety എന്നു Thompson Bible-ലും കാണുന്നു. ക്രിസ്തീയ സംസ്കാരത്തിന്റെ മാനദണ്ഡം ബൈബിളാണ്. മിഷണറിമാർ തിരുവിതാംകൂറിലെ സ്ത്രീകളുടെ മാറുമറച്ച് വസ്ത്രം ധരിക്കാൻ പ്രേരിപ്പിച്ചതിനെ "വിക്ടോ റിയൻ സദാചാരം" എന്നാണ് ശശിതരൂർ പോലും പരിഹസിച്ചു പറഞ്ഞത്. തിരുവിതാം കൂറിലെ സ്ത്രീകൾ അനുഭവിച്ചു വന്ന പല പദവികളും വിക്ടോറിയൻ സംസ്കാരത്തിന്റെ കടന്നുകയറ്റം കൊണ്ട് നഷ്ടമായി എന്നാണ് ശശിതരൂർ വിലപിക്കുന്നത്. മറ്റൊരർത്ഥത്തിൽ ശരിയാണ്; തകഴി അതു രേഖപ്പെടുത്തിയിരി ക്കുന്നത് ഇപ്രകാരമാണ് "അമേരിക്കയിലെ മദാമ്മമാർക്ക് സ്വപ്നം കാണാൻ കഴിയാത്ത ലൈംഗിക സ്വാതന്ത്ര്യമാണ് തിരുവിതാം കൂറിലെ നായർ സ്ത്രീകൾ അനുഭവിച്ചിരുന്നത് (കയർ) തിരുവിതാംകൂറിലെ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച സ്ത്രീകൾക്ക് മാറുമറച്ച് പള്ളിയിൽ പോകാൻ 1859-ൽ സ്വാതന്ത്ര്യം ലഭിച്ച് 40 കൊല്ലം കഴിഞ്ഞിട്ടും നായർ സ്ത്രീകൾക്ക് മാറുമറച്ച് ക്ഷേത്രദർശനം നടത്താൻ സ്വാതന്ത്ര്യം ഇല്ലായിരുന്നു. (20-ാം നൂറ്റാണ്ട് വർഷാനു ചരിത്രം പേജ് 22- ഡി. സി. ബുക്സ് കോട്ടയം 2000 മാർച്ച് 31)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദ ത്തിൽ ക്രൈസ്തവ വനിതകൾ മാറുമറച്ച് വസ്ത്രം ധരിച്ചതിനെ "ആചാരലംഘനം" എന്നു പറഞ്ഞാണ് അന്ന് സവർണ്ണർ കലാപം ഉണ്ടാക്കിയത്. അത്തരം കലാപമുണ്ടാക്കിയത് പ്രധാനമായും നായർ വിഭാഗത്തിൽപ്പെട്ടവരാ യിരുന്നെങ്കിലും അന്നത്തെ കൊട്ടാരം

*ശേഷം പേജ് 24-ൽ കാണുക*

# ഒരു വേർപാടിന്റെ വേദന



**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

"ഒരിടത്തു ജനനം ഒരിടത്തു മരണം
ചുമലിൽ ജീവിതഭാരം
ഈ യാത്ര തുടങ്ങിയതെവിടെ നിന്നോ
ഇനിയൊരു വിശ്രമം എവിടെച്ചെന്നോ
മോഹങ്ങൾ അവസാന നിമിഷം വരെ
മനുഷ്യജന്മങ്ങൾ ചുടലവരെ.

പിറന്നപ്പോൾ സ്വയം പൊട്ടിക്കരഞ്ഞുവല്ലോ
ഇന്ന് പിരിയുമ്പോളന്യരെ കരയിക്കുന്നു
നരജന്മ നാടകത്തിൽ ആദ്യന്തം ഇടയ്ക്കിടെ
മുഴങ്ങുന്ന പല്ലവി കരച്ചിൽ മാത്രം
ഇതിൽ സുഖമെന്ന മരുപ്പച്ച എവിടെ എവിടെ?

വിധി എന്ന ചതുരംഗ കളിക്കാരൻ
തന്നിൽ പതിവായി കളിയാടാൻ ഇരിക്കുന്നു
സുഖദുഃഖ കള്ളികളിൽ ഇടയ്ക്കിടെ മനുഷ്യരെ
നിരക്കുന്നു നീക്കുന്നു വെട്ടിമാറ്റുന്നു, വെട്ടിമാറ്റുന്നു.

ഓപ്പൺ ജയിലിൽ ഞായറാഴ്ച രാവിലെ 10 മണിക്ക് ഞങ്ങൾ ഗായകസംഘവുമായി എത്തി. സാധാരണ അവിടെ എത്തുമ്പോൾ ലഭിക്കുന്ന ആവേശകരമായ സ്വീകരണം അന്നു ലഭിച്ചില്ല. ആരും വലിയ താത്പര്യം കാണിക്കാത്തതു പോലെ തോന്നി. ഞങ്ങൾ ഓരോരുത്തരായി വാനിൽ നിന്നിറങ്ങി സംഗീത ഉപകരണങ്ങളെല്ലാം ഇറക്കി. പതിവു പോലെ ഞാൻ ഉദ്യോഗസ്ഥന്മാരെയെല്ലാം കാണുവാനായി ഓഫീസിലേക്ക് പോകുവാൻ തിരിഞ്ഞപ്പോൾ അതാ ദാമോദരനും ദാനിയേലും ഓടി വരുന്നു. രണ്ടുപേരുടെയും കണ്ണു നിറഞ്ഞിട്ടുണ്ട്. "സാറെ നമ്മുടെ ജോസ് മരിച്ചു പോയി. ഹൃദയസ്തംഭനമായിരുന്നു''. എന്റെ കൂട്ടത്തിലുണ്ടായിരുന്ന ആർക്കും തന്നെ ജോസിനെ പരിചയമുണ്ടായിരുന്നില്ല. എനിക്കവനെ അഞ്ചുവർഷമായി അറിയാം. സെൻട്രൽ ജയിലിലുണ്ടായിരുന്നു. പിന്നീട് ഓപ്പൺ ജയിലിൽ വന്നു. തന്റെ ജീവിതത്തിലൊരിക്കൽ ഒരു കൊലക്കേസ് പ്രതിയാകുവാൻ ഇടയായി. അങ്ങനെയാണ് ജയിലിൽ വരുവാനിടയായത്. തൂക്കിക്കൊല്ലുവാനാണ് കീഴ്ക്കോടതി വിധിച്ചത്. ഹൈക്കോടതി അത് ജീവപര്യന്തമായി ഇളവ് ചെയ്തു. 9 വർഷം കഴിയുമ്പോൾ ജോസിനു പോകുവാൻ കഴിയുമായിരുന്നു. 8 വർഷം കഴിഞ്ഞപ്പോഴാണ് മരണം അവനെ അക്കരയ്ക്കു കൊണ്ടുപോയത്. ജോസിനെ അക്കരെ നാട്ടിൽ ചെന്നു കാണാമെന്ന ധൈര്യം എനിക്കുണ്ടായിരുന്നു. ഓപ്പൺ ജയിലിൽവെച്ചുതന്നെയാണ് അവൻ മാനസാന്തരപ്പെടുന്നത്. "കൊലപാതകിയായ എന്നോട് എന്റെ പാപം ക്ഷമിക്കണമേ കർത്താവേ" എന്ന് ജോസ് കണ്ണുനീരോടെ പ്രാർത്ഥിച്ചത് ഞാൻ ഈ വാർത്ത കേട്ടയുടനെ ഓർത്തുപോയി. ജോസ് മരിച്ചത് തലേദിവസം ശനിയാഴ്ചയായിരുന്നു. മൃതദേഹം സ്വന്തക്കാരെ പ്രതീക്ഷിച്ച് മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ ഇരിക്കുമ്പോഴാണ് ഞങ്ങൾ ഓപ്പൺ ജയിലിൽ എത്തുന്നത്. ജോസ് ക്രിസ്ത്യാനിയല്ലേ, നിങ്ങൾ ഇന്ന് വന്നത് നന്നായി. നമുക്ക് ശുശ്രൂഷ ഇവിടെ നടത്താമെന്ന് തടവുകാർ പറഞ്ഞു. വേഗത്തിൽ എല്ലാവരും ഒന്നിച്ചുകൂടി. തടവുകാരിൽ രണ്ടുപേർ പാടിയ ഗാനങ്ങളുടെ

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ**
**"തടവുകാരെ തേടി"**
**എന്ന പുസ്തകത്തിൽ നിന്നും**

പ്രസക്തഭാഗമാണ് ഞാൻ മുകളിൽ ചേർത്തത്. ഏതോ സിനിമയിൽ യേശുദാസ് പാടിയതാണ്. ജീവിതഗ്രന്ഥികയിൽ നിന്നും അടർത്തിയെടുത്ത ആശയങ്ങൾ വെളിയിലേക്ക് വന്നതങ്ങനെയാണ്.

തടവുകാരുടെ താത്പര്യപ്രകാരം 'സമയമാം രഥത്തിൽ ഞാൻ...' എന്ന പാട്ട് ഞങ്ങൾ പാടി. തുടർന്ന് ജോസിന്റെ ഭാര്യയെയും 11 വയസ്സായ ജയൻ എന്ന ബാലനെയും ഓർത്ത് അവരുടെ ആശ്വാസത്തിനായി ഞാൻ പ്രാർത്ഥിച്ചു. അനേക തടവുകാർ വിങ്ങി വിതുമ്പി കരയുന്നുണ്ടായിരുന്നു. ഒന്നിച്ചു ജോലി ചെയ്തു, ഉണ്ടു, ഉറങ്ങി, പെട്ടെന്ന് മരണത്തിന്റെ ജാമ്യമില്ലാത്ത വാറണ്ടുവന്നു. ജോസുപോയി. ചില തടവുകാർ ജോസിനെപ്പറ്റി പല നല്ല കാര്യങ്ങളും പരാമർശിച്ചു.

"കഴിഞ്ഞമാസം ഞങ്ങളിവിടെ വന്നപ്പോൾ റബ്ബർ തോട്ടത്തിൽ ടാക്സി പെട്ടെന്ന് നിന്നു. ജോസാണ് തള്ളിത്തന്ന് സ്റ്റാർട്ടാക്കിയത്" എന്ന് ഞാൻ പറഞ്ഞപ്പോൾ എനിക്കും വേദമുണ്ടായി. ജോസിന്റെ ജീവിതത്തിൽ എനിക്ക് ചെയ്തുതന്ന ഒടുവിലത്തെ ഉപകാരമായിരുന്നു അത്. പിന്നെക്കാണാം സാറെ എന്നു പറഞ്ഞുകൊണ്ടു ജോസ് തിരിഞ്ഞു നടന്നു. എനിക്ക് ജോസിനെ കാണുവാൻ കഴിയും. നിങ്ങളിൽ ആർക്കെല്ലാം ആ ധൈര്യം ഉണ്ട്. ചിലർ കൈകളുയർത്തി. (പല സന്ദർഭങ്ങളിലെ ജയിൽ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിലൂടെ ദൈവവുമായി ബന്ധപ്പെട്ടവരാണിവർ) ആർക്കെല്ലാം ഈ ധൈര്യം വേണം എന്ന ചോദ്യവുമായി 15 മിനിട്ടു സമയം അവിടെ ചില കാര്യങ്ങൾ ശാന്തമായി ഓർമ്മിപ്പിച്ചു. തുടർന്ന് മത്തായി ഉപദേശി പ്രാർത്ഥിക്കാം എന്ന് പറഞ്ഞു. അന്ന് 13 പേർ തങ്ങളുടെ ജീവിതങ്ങളെ ക്രിസ്തുവുമായി പങ്കുചേർന്നുള്ള ജീവിതത്തിനായി തീരുമാനം ചെയ്തു. അന്ന് തടവുകാരെല്ലാം കൂടി എന്നോടൊരു കാര്യം പറഞ്ഞു. "സാറേ, ഞങ്ങൾക്കോ സ്വാതന്ത്ര്യമില്ല. സാർ ജോസിന്റെ വീട്ടിൽ ഒന്നു പോകണം. ആ കുടുംബത്തെ കാണണം. ഞങ്ങളുടെ അനുശോചനം അറിയിക്കണം. അവർക്കായ് ഞങ്ങൾ പ്രാർത്ഥിക്കുന്നു എന്ന് പറയണം. അടുത്തമാസം സാറു വരുമ്പോൾ ഞങ്ങളെ അറിയിക്കേണം." ഞാൻ സമ്മതിച്ചു. ഞങ്ങൾ തിരികെ പോന്നു.

ഒരാഴ്ച കഴിഞ്ഞ് ഞാനും ഭാര്യയും മറ്റൊരു കുടുംബവുംകൂടി ജോസിന്റെ വീട്ടിലെത്തി. അവരെ എങ്ങനെ കാണും, എന്തുപറഞ്ഞ് ആശ്വസിപ്പിക്കും എന്നുള്ള ചിന്തയായിരുന്നു ഞങ്ങൾക്ക്. ജോസിന്റെ മരണത്തിൽ ആ കുടുംബം ദുഃഖിച്ചു കഴിയുമ്പോൾ ആശ്വാസവാക്ക് പറയുവാൻ എത്തിയത് ഒരു വലിയ പദവിയായി ഞാൻ കണക്കാക്കി. ഓല മേഞ്ഞ ആ വീടിനുള്ളിൽ ജോസിന്റെ ഒരു ഫോട്ടോ ഉണ്ട്. മകൻ ജയൻ ഒരു മാല അതിൽ ഇട്ടിരിക്കുന്നു. അവന് 3 വയസ്സുള്ളപ്പോഴാണ് ജോസ് അറസ്റ്റിലാകുന്നത്. അപ്പന്റെ സ്നേഹം അനുഭവിച്ച ഓർമ്മകൾ ഇന്ന് അവനില്ല. അപ്പനില്ലാത്തവനാണ് എന്ന ബോധം അവനുണ്ടായിരുന്നു. അതാ അടുത്ത മുറിയിൽ വല്യൃമ്മച്ചിയുണ്ടെന്നവൻ പറഞ്ഞു. പുത്രവിയോഗം താങ്ങുവാൻ കെല്പില്ലാതെ 80 കഴിഞ്ഞ ആ അമ്മ കട്ടിലിൽ കൂനിക്കൂടി കിടക്കുന്നുണ്ട്. ഞങ്ങൾ പറഞ്ഞതൊന്നും അവർ ശ്രദ്ധിച്ചില്ല. ജോസിന്റെ ഭാര്യ റാഹേലിന്റെ കൈയിൽ ഞങ്ങൾ ഒരു ചെറിയ ഉപഹാരം നല്കിയിട്ട് യാത്ര പറഞ്ഞു. ജയൻ കൂട്ടത്തിൽ ബസ്സുവരെ വന്നു.

ജോസിന്റെ മകൻ ജയൻ ഇന്ന് ഹൈസ്കൂളിലാണ്. അവന്റെ വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ചുമതല പ്രിസൺ ഫെലോഷിപ്പാണ് വഹിക്കുന്നത്. പ്രിസൺ ഫെലോഷിപ്പിലൂടെ ഞങ്ങൾ ചെയ്യുന്ന ചെറിയ കാര്യങ്ങളിലൊന്നാണ് തടവുകാരുടെ മക്കളുടെ വിദ്യാഭ്യാസം. ജോസിന്റെ പുര മേയുവാനുള്ള സന്ദർഭം ആയിരുന്നു. ഞങ്ങൾ കൊടുത്ത ഉപഹാരം അതിനുപയോഗിക്കുമെന്ന് റാഹേൽ പറഞ്ഞു.

അടുത്ത മാസത്തെ ഓപ്പൺ ജയിൽ സന്ദർശനത്തിൽ സംഭവിച്ചതെല്ലാം ഞാൻ പറഞ്ഞു. തടവുകാർക്ക് വലിയ ആശ്വാസമായി. കരുതുവാൻ (Someone to care) ചിലർ ഉണ്ടല്ലോ.

അവർക്ക് ഞങ്ങളോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിക്കുവാൻ അത് മുഖാന്തരമായി.

ക്രിസ്തുമാർഗ്ഗം പ്രസംഗിക്കുവാൻ മാത്രമുള്ളതല്ല. ജീവിതമണ്ഡലത്തിൽ പ്രവൃത്തിയിലൂടെ കാണിക്കേണ്ടതാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ്. പ്രചരിപ്പിക്കുന്ന ആത്മീയം ഒന്ന്, ജീവിക്കുന്ന ആത്മീയം മറ്റൊന്ന്. അത് ലോകത്തിൽ സ്വാധീനത വരുത്തുകയില്ല. എന്റെ വായനക്കാരൻ ഒരു ക്രൈസ്തവനായിരിക്കാം. നിങ്ങളുടെ ക്രിസ്ത്യാനിയായുള്ള ജീവിതം എത്രപേരെ ക്രിസ്തുമാർഗ്ഗത്തിലേക്കാകർഷിക്കുവാൻ മതിയായതാണ്? നിങ്ങൾ ഒരു പട്ടക്കാരനോ പ്രാസംഗികനോ ഉപദേശിയോ ആയിരിക്കാം. ഉപദേശവും ഉപദേശവ്യാഖ്യാനവും എത്തുന്നതിലും വേഗത്തിൽ മാതൃകാ ക്രിസ്തീയജീവിതം വേറൊരാളുടെ ചിന്തയിലും ജീവിതത്തിലും എത്തും. ക്രിസ്ത്യാനിയായി മരിക്കുന്നതിനേക്കാൾ പ്രയാസമാണ് ക്രിസ്ത്യാനിയായി ജീവിക്കുന്നത്. അത് ക്രിസ്ത്യാനിയാണെന്നുള്ള കാരണത്താൽ നിങ്ങളെ അറസ്റ്റു ചെയ്താൽ ക്രിസ്ത്യാനിയാണെന്നു തെളിയിക്കുവാനുള്ള വക നിന്റെ ജീവിതത്തിലുണ്ടോ? ◉

---

*പേജ് 21- ന്റെ തുടർച്ച* **(കേരളത്തിലെ പെണ്ണെഴുത്തുകാർ)**

ചരിത്രകാരന്മാർ നായർ ലഹള എന്നല്ല ചാന്നാർലഹള എന്നാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയത്. ഇരകൾക്കൊപ്പമല്ല വേട്ടക്കാർക്കൊപ്പമായിരുന്നു കൊട്ടാരം കവികളും ചരിത്രകാരന്മാരും. ശ്രീനാരായണ ഗുരു ജനിക്കുന്നതിനും 34 വർഷം മുമ്പ്, 1822-ൽ ആരംഭിച്ച മാറുമറയ്ക്കൽ കലാപം 1859-ൽ വിജയകരമായി പര്യവസാനിക്കാൻ നിയമനിർമ്മാണം നടന്നതും ബ്രിട്ടനിലാണ്. അതിനു കല്പനയിട്ടതും ഒരു ക്രൈസ്തവ വനിതയായിരുന്നു. മാറുമറയ്ക്കൽ കലാപം 37 വർഷങ്ങൾ നീണ്ടുപോയപ്പോൾ മിഷണറിമാർ നിരന്തരം നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു ഒടുവിൽ മദ്രാസ് ഗവർണ്ണറായിരുന്ന ചാൾസ് ട്രവല്യൻ തിരുവിതാംകൂറിലേക്ക് ഇപ്രകാരം ഒരു കത്തെഴുതി.

“ബ്രിട്ടീഷ് സാമ്രാജ്യം ഭരിക്കുന്നത് ഒരു സ്ത്രീയാണെന്നും അവരുടെ സാമ്രാജ്യത്തിലെ സഹോദരിമാരുടെ സ്ത്രീത്വത്തെ അപമാനിക്കുന്നവർ ആരായാലും അവരതു പൊറുക്കില്ലെന്നും വേണ്ടിവന്നാൽ ബയണറ്റിന്റെ മുന ഉപയോഗിച്ചും ഈ പരിഷ്കാരം നടപ്പാക്കാൻ അവർ മടിക്കില്ലെന്നും തിരുവിതാംകൂർ ഭരിക്കുന്നവർ അറിയണം” ഈ കത്തുകിട്ടികഴിഞ്ഞ് ഗത്യന്തരമില്ലാതെ ക്രിസ്തുമതം സ്വീകരിച്ച കീഴാള സ്ത്രീകൾക്ക് മാറുമറയ്ക്കാൻ സ്വാതന്ത്ര്യം നല്കുന്ന വിളംബരം പുറപ്പെടുവിക്കുക ആയിരുന്നു.

37 വർഷം നീണ്ടുനിന്ന മാറുമറയ്ക്കൽ കലാപത്തിന്റെ കാലത്ത് നൂറുകണക്കിന് സ്ത്രീകൾ വസ്ത്രാക്ഷേപം ചെയ്യപ്പെടുകയും ബലാൽക്കാരം ചെയ്യപ്പെടുകയും നിരവധി കീഴാളഗ്രാമങ്ങൾ അഗ്നിക്കിരയാവുകയും ചെയ്തിട്ടുണ്ട്. ധാരാളം സ്ത്രീപുരുഷന്മാർക്ക് അംഗഭംഗം സംഭവിച്ചിട്ടുണ്ട്. ശകുന്തളാദേവി എന്നൊരു സഹോദരി വാളെടുത്ത് നായർ പടയാളി (അക്രമികളോട്) കളോട് പൊരുതി മരിച്ചിട്ടുണ്ട്. ധാരാളം പേർ മർദ്ദനമേറ്റ് അവശരായി ജീവച്ഛവങ്ങളായി നരകിച്ച് ജീവിച്ചു മരിച്ചിട്ടുണ്ട്. മാറുമറയ്ക്കൽ സമരം സിന്ദാബാദ് എന്നു വിളിച്ച് കൊടിയും പിടിച്ച് സ്ത്രീകൾ ജാഥ തുടങ്ങി എന്നു തോന്നിപ്പിക്കും വിധമാണ് കൊട്ടാരം ചരിത്രകാരന്മാർ “മാറുമറയ്ക്കൽ സമരം” എന്നു പേരിട്ടത്! ക്രൈസ്തവവനിതകൾ അവർക്കു ലഭിച്ച ബൈബിൾ പ്രബോധനപ്രകാരം റൗക്ക ധരിച്ച് നിശബ്ദരായി നടന്നതേയുള്ളൂ അതിന്റെ പേരിൽ കലാപം ഉണ്ടാക്കിയവർ നവോത്ഥാനത്തിന്റെ ശത്രുക്കളായിരുന്നു. നവോത്ഥാന നായകന്മാർക്കെല്ലാം മുമ്പേ രംഗത്തിറങ്ങിയ അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ ക്രൈസ്തവ വനിതകളെ നമുക്ക് മറക്കാതിരിക്കാം. ◉

# നീ ഒരു അന്യസ്ത്രീ എന്നു നടിക്കുന്നതെന്തിന്?



**ജോർജ് ജോൺ, തിരുവനന്തപുരം**

*രാ*ജാക്കന്മാരുടെ ഒന്നാം പുസ്തകം 14:6-ൽ നാം ഇങ്ങനെ വായിക്കുന്നു. "യൊരോബെയാമിന്റെ ഭാര്യയേ, അകത്തു വരിക: നീ ഒരു അന്യസ്ത്രീ എന്നു നടിക്കുന്നതെന്തിന്?"

യിസ്രായേൽ രാജാവായിരുന്ന യൊരോബെയാമിന്റെ ഭാര്യയോട് അഹീയാപ്രവാചകൻ പറയുന്ന വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ശലോമോൻ രാജാവിന്റെ ദാസനും ബഹുപ്രാപ്തിയുള്ള പുരുഷനുമായിരുന്ന എഫ്രയീമ്യനായ നെബാത്തിന്റെ മകൻ യൊരോബെയാമിനോട് "യിസ്രായേലിന്റെ ദൈവമായ യഹോവ രാജത്വം ശലോമോന്റെ കൈയിൽ നിന്നും പറിച്ചുകീറി പത്തു ഗോത്രങ്ങൾ നിനക്കു തരുന്നു" എന്നു പറഞ്ഞ അതേ അഹീയാപ്രവാചകനാണ് യൊരോബെയാമിന്റെ ഭാര്യയോടു മേൽപ്രസ്താവിച്ച വാക്കുകൾ പറഞ്ഞത്. യൊരോബെയാമിനെ ദൈവം യിസ്രായേലിലെ പത്തുഗോത്രങ്ങളുടെ രാജാവായി അവരോധിച്ചതിനുശേഷം നടന്ന സംഭവങ്ങൾ രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അവൻ എഫ്രയീം മലനാട്ടിൽ ശേഖേം എന്ന പട്ടണം പണിത് അവിടെ പാർത്തതായി കാണുന്നു. യിസ്രായേല്യർ ആരാധനയ്ക്കുവേണ്ടി യെരുശലേം ദൈവാലയത്തിലേക്ക് പോകാതിരിക്കുന്നതിനുവേണ്ടി അവൻ പൊന്നുകൊണ്ട് രണ്ട് കാളക്കുട്ടികളെ ഉണ്ടാക്കി ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. കൂടാതെ ലേവ്യരല്ലാത്തവരിൽ നിന്നും പുരോഹിതന്മാരെ നിയമിക്കയും യഹോവയുടെ കല്പനയ്ക്ക് അനുസൃതമല്ലാത്ത പല പ്രവൃത്തികളും ചെയ്യുകയും ചെയ്തു. ഇപ്രകാരം യഹോവയ്ക്ക് അനിഷ്ടകരമായ ഒട്ടനവധി കാര്യങ്ങൾ യൊരോബെയാം ചെയ്തതായി നാം വായിക്കുന്നു. തന്റെ ഈ ദൃശപ്രവർത്തനങ്ങൾമൂലം തന്നെ രാജസ്ഥാനത്തേക്കു തിരഞ്ഞെടുത്തുകൊണ്ടുള്ള യഹോവയുടെ മഹാനിയോഗം അറിയിച്ച അഹീയാ പ്രവാചകൻപോലും തന്നെ ഏറ്റവും വെറുത്തതായി നമുക്കു മനസ്സിലാക്കാം. അക്കാരണം കൊണ്ടുതന്നെയായിരിക്കണം സ്വപുത്രന്റെ രോഗപര്യവസാനത്തെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാട് കേൾക്കാൻ അത്യാകാംക്ഷയോടെ പോയ യൊരോബെയാമിന്റെ ഭാര്യ രാജകീയമായ പ്രൗഢിയും പരിവാരങ്ങളെയും ഉപേക്ഷിച്ച് ഒരു സാധാരണ സ്ത്രീയുടെ ഭാവത്തിൽ ദർശകനെ സമീപിച്ചത്. എന്നാൽ ദർശകൻ അവളെ തിരിച്ചറിയുകയും യഹോവയുടെ അരുളപ്പാടായ കഠിന വാർത്ത അവളെ അറിയിക്കുകയും ചെയ്തു.

സ്വന്തം കാര്യസാധ്യത്തിനുവേണ്ടിയോ സമൂഹത്തിന്റെ സ്വീകാര്യതയ്ക്കുവേണ്ടിയോ അതോ മറ്റേതെങ്കിലും കാരണവശാലോ "അന്യസ്ത്രീ" അല്ലെങ്കിൽ "അന്യപുരുഷൻ" എന്നു നടിക്കുന്ന ഒട്ടനവധിയാളുകളുണ്ട്. സ്വഭവനങ്ങളിൽ നിന്നും മാറി ഹോസ്റ്റലുകളിലും മറ്റ് താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾ, ജോലി പ്രമാണിച്ച് അന്യസ്ഥലങ്ങളിൽ പോയി താമസിക്കുന്ന സ്ത്രീപുരുഷന്മാർ, ജനിച്ചു വളർന്ന വീടും നാടും വിട്ട് വിദൂര സ്ഥലങ്ങളിൽ വ്യത്യസ്തമായ ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവതീയുവാക്കന്മാർ മുതലായവരിൽ മേല്പറഞ്ഞ പ്രവണത പല

പ്പോഴും കാണാറുണ്ട്. പതിവായി "സെക്കൻഡ് ഷോ" സിനിമയ്ക്കുപോകയും ഒന്നിലധികം പ്രാവശ്യം ഹോസ്റ്റൽ വാർഡനാൽ പിടിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു ചെറുപ്പക്കാരൻ നാട്ടിൽ അവധിക്കു വന്നപ്പോൾ യുവാക്കന്മാരുടെ സാക്ഷ്യയോഗത്തിൽ സംബന്ധിക്കയും കോളജ് വിദ്യാർത്ഥികളുടെ ഇടയിൽ താൻ ചെയ്യുന്ന സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുകയും ചെയ്തു. ഉദ്യോഗാർത്ഥം അന്യനാട്ടിലായിരുന്നപ്പോൾ സുഹൃത്തുക്കളോടൊത്ത് മദ്യപിക്കുമായിരുന്ന ഒരു വ്യക്തി നാട്ടിലെത്തിയപ്പോൾ മാതൃകാവിശ്വാസിയായി അഭിനയിക്കുന്ന കാഴ്ചയും കാണാൻ കഴിഞ്ഞേക്കും. നമ്മുടെ നാട്ടിൽത്തന്നെ സർക്കാർ ഓഫീസുകളിലും ഇതരസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അനേകം "വിശ്വാസികൾ" ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സഹപ്രവർത്തകർ ചെയ്യുന്നതുപോലെയൊക്കെ ചെയ്യുകയും അവർ പറയുന്ന ഫലിതങ്ങളിൽ രസിക്കയും അവരുമായി താദാത്മ്യം പ്രാപിച്ച് ജീവിക്കയും ചെയ്യാറില്ലേ? എന്നാൽ ഞായറാഴ്ചകളിൽ തികച്ചും വ്യത്യസ്തമായ ഒരു ഭാവം അവലംബിക്കുന്നതിനും തികഞ്ഞ ആത്മീയതയുടെ പരിവേഷം അണിയുന്നതിനും ഇത്തരക്കാർക്ക് നിഷ്പ്രയാസം സാധിക്കയും ചെയ്യും.

ആത്മീയമായ ചുറ്റുപാടുകളിൽ ജനിച്ചുവളർന്ന ചിലർ പ്രത്യേക സാഹചര്യങ്ങളിലകപ്പെട്ടാൽ വഴിതിരിഞ്ഞ് പോകുന്ന സംഭവങ്ങളും ഇല്ലാതില്ല. ഏതാനും നാളുകൾക്ക് മുമ്പ് ഒരു യുവാവിനെ ഞങ്ങളുടെ ഒരു ബന്ധു പരിചയപ്പെടുത്തിത്തരികയുണ്ടായി. നല്ല വിനയവും ദൈവഭയവും ഒക്കെയുള്ള ഒരു ചെറുപ്പക്കാരൻ ആർക്കും ഇഷ്ടപ്പെടുന്ന സംസാരരീതി. യാദൃച്ഛികമായി കണ്ടുമുട്ടിയതാണ്. പിന്നീട് കാണാൻ സാധിച്ചിട്ടില്ല.

കഴിഞ്ഞ ദിവസം ഞാൻ ബന്ധുവായ ചെറുപ്പക്കാരനോട് അയാളുടെ സ്നേഹിതനെക്കുറിച്ച് അന്വേഷിച്ചു. അയാൾക്ക് പോലീസിൽ സെലക്ഷൻ കിട്ടിയെന്നും ഇപ്പോൾ ഇന്ന സ്ഥലത്താണെന്നും പറഞ്ഞു. ആത്മീയരായ ചെറുപ്പക്കാർ പോലീസിൽ ചേർന്നാൽ നല്ലതാണെന്നും പോലീസിന്റെ പ്രതിച്ഛായ മാറ്റാൻ അത് സഹായിക്കുമെന്നും ഞാൻ അഭിപ്രായപ്പെട്ടു. അപ്പോൾ എന്റെ ബന്ധു പറയുകയാണ് ''അങ്കിളിനു തെറ്റിപ്പോയി. അവൻ പോലീസിൽ ചേർന്നു കഴിഞ്ഞപ്പോൾ അവന്റെ പ്രതിച്ഛായയാണ് മാറിയത്. കഴിഞ്ഞ ദിവസം ഞാൻ അവനെ കാണാനിടയായി. എന്റെ അടുക്കൽപോലും അവൻ ശരിക്കുള്ള പോലീസ് ഭാഷയിലാണ് സംസാരിച്ചത്."

ഏതായാലും ഞാൻ ഒരു കാര്യത്തിൽ അയാളെ അഭിനന്ദിക്കുന്നു. പഴയ സ്നേഹിതന്റെ മുമ്പിൽ "നല്ലപിള്ള" ചമയാൻ ശ്രമിച്ചില്ലല്ലോ എന്നതിൽ.

എന്നാൽ യഥാർത്ഥമായി രക്ഷയുടെ അനുഭവത്തിൽ വന്നിട്ടുള്ള ദൈവമക്കൾ ഭൂലോകത്തിന്റെ ഏതുഭാഗത്തുപോയാലും, എന്തു ജോലിയിൽ ഏർപ്പെട്ടാലും തങ്ങളുടെ വ്യക്തിത്വം കൈവിടുകയില്ലെന്നുള്ളതാണ് പരമാർത്ഥം. സുലഭമായി മദ്യം ലഭിക്കുകയും സഹപ്രവർത്തകരെല്ലാവരും മദ്യപിക്കയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു തുള്ളി മദ്യം പോലും ഉപയോഗിക്കാതെയും മദ്യത്തിന്റെ രുചി എന്താണെന്ന് ഒരു പ്രാവശ്യമെങ്കിലും അറിയാൻ ശ്രമിക്കാതെയും കഴിച്ചുകൂട്ടിയിട്ടുള്ള പലരേയും എനിക്ക് നേരിട്ടറിയാം. ആവശ്യപ്പെടുന്നതിലധികം കൈക്കൂലി ലഭിക്കാവുന്ന സർക്കാർ ഡിപ്പാർട്ടുമെന്റുകളിൽ തന്റെ ജോലിക്ക് സർക്കാർ തരുന്ന പ്രതിഫലമല്ലാതെ ഒരു പൈസപോലും മറ്റുള്ളവരിൽ നിന്നും കൈപ്പറ്റാതെ ആത്മാർത്ഥതയോടുകൂടെ കൃത്യനിർവ്വഹണം നടത്തുന്ന അനേകം ആളുകളുണ്ട്. അങ്ങനെയുള്ളവർ പലപ്പോഴും സഹപ്രവർത്തരുടെ മാത്രമല്ല, കീഴ്ജീവനക്കാരുടെ പോലും പരിഹാസത്തിന് പാത്രീഭൂതരാകാറുണ്ട്. ഒരിക്കൽ ഒരു സർക്കാർ ഓഫീസിൽ ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഒരു സ്നേഹിതനെ കാണുന്നതിനുവേണ്ടി ഞാൻ ആ ഓഫീസിൽ ചെന്ന് പ്യൂണിനോട് അദ്ദേഹ

ത്തിന്റെ മുറി ഏതാണെന്നു തിരക്കിയപ്പോൾ പ്യൂൺ എന്നോട് പറയുകയാണ് "അയാൾ ഒരു മൂശേട്ടയാണ്. കണ്ടിട്ടും കാര്യമില്ല" എന്ന്, എന്തുകൊണ്ടാണ് അപ്രകാരം പറഞ്ഞതെന്ന് ചോദിച്ചപ്പോൾ പ്യൂണിന്റെ മറുപടി 'അയാൾ ആർക്കും ഉപകാരമൊന്നും ചെയ്യാറില്ല, കാശു കൊടുത്താൽ ഒട്ടുവാങ്ങുകയുമില്ല" എന്നായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം കോഴ വാങ്ങാത്ത ആളായതുകൊണ്ട് മൂശേട്ടയായി മുദ്രയടിക്കപ്പെട്ടു. എന്നാൽ ഇങ്ങനെയുള്ളവർക്ക് "ഓഫീസിൽ ഒരു മുഖം, പള്ളിയിൽ ചെല്ലുമ്പോൾ വേറൊരു മുഖം" എന്ന രീതി അവലംബിക്കേണ്ടതായി വരുന്നില്ല.

പ്രിയ സ്നേഹിതരേ, നാമും ഓരോ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തമായ രൂപവും ഭാവവും ഭാഷയും അവലംബിച്ച് വ്യത്യസ്തമായ സദസ്സുകളിലും, സമൂഹങ്ങളിലും ചെല്ലുമ്പോൾ അവരിലൊരാളായി തീരാൻ ശ്രമിക്കാതെ നമ്മുടെ വ്യക്തിത്വം ദൈവമക്കൾക്ക് അനുയോജ്യമായ രീതിയിൽ നില നിർത്തേണ്ടതാണ്. "യൊരോബെയാമിന്റെ ഭാര്യയേ, നീ ഒരു അന്യസ്ത്രീ എന്നു നടിക്കുന്നത് എന്തിന്? എന്ന രീതിയിലുള്ള ഒരു ചോദ്യം ഒരിക്കലും ആരിൽ നിന്നും നമ്മുടെ നേരെ ഉണ്ടാകാതിരിക്കേണ്ടതിന് ആവശ്യമായ ദൈവകൃപ നമുക്ക് ഓരോരുത്തർക്കും ലഭിക്കുമാറാകട്ടെ. ◉

---

## QUEST– 82 ന്റെ ശരി ഉത്തരങ്ങൾ

1. തിഹിക്കൊസിനെ (2 തിമൊ. 4:12)
2. എപ്പഫ്രാസ് (ഫിലേമോൻ 23)
3. സുവിശേഷം അറിയിക്കുന്നതിന് വേണ്ടി (2 തിമൊ. 2:9)
4. അതിഥിസത്ക്കാരം (എബ്രായർ 13:1)
5. ദൈവപുത്രനായ യേശു (എബ്രായർ 4:14)
6. അതിവിശുദ്ധസ്ഥലത്ത് (എബ്രായർ 9:4)
7. പാപങ്ങളെ നീക്കുവാൻ (എബ്രായർ 10:4)
8. സേനാസ് (തീത്തൊസ് 3:13)
9. യന്നേസും, യംബ്രേസും (2 തിമൊ. 3:8)
10. യോസേഫ് (എബ്രായർ 11:22)
11. ശാലേം രാജ്യത്തിലെ (എബ്രായർ 7:1)
12. ക്രേത്തരെ (തീത്തൊസ് 1:12)
13. ദ്രവ്യാഗ്രഹം (1 തിമൊഥെയൊസ് 6:10)
14. ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകുന്നു. (എബ്രായർ 6:6)
15. അബ്രാഹാമിന്റെ (എബ്രായർ 2:16)
16. എഫെസൊസിൽ (1 തിമൊഥെയൊസ് 1:4)
17. ദൈവത്തിന്റെ കൃപാവരം (2 തിമൊ. 1:6)
18. ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും, തർക്കസൂത്രങ്ങളെയും (1 തിമൊ. 6:20)
19. കോപവും, വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി (1 തിമൊഥെയൊസ് 2:8)
20. അവിശ്വാസമുള്ള ദുഷ്ടഹൃദയം (എബ്രാ. 3:12)

## Quest 82-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. ഡോറ മേഴ്സി സി.എൽ. മലയം, തിരുവനന്തപുരം
4. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
5. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി

**Quest 82-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.**

-ക്വിസ് മാസ്റ്റർ

# WHERE DO I GO FROM HERE?

**Zerney Wijesuriya, Colombo, Sri Lanka**

*M*any come to contemplate death with anxiety and even with fear, uncertain of what lies ahead. Let us draw comfort and strength from the Word of God with regard to this matter.

***"For we know that if our earthly house, this tent is destroyed, we have a building from God, a house not made with hands, eternal in the heavens." (2 Cor. 5:1)***

***"Therefore we do not lose heart. Even though our outward man is perishing, yet the inward man is being renewed day by day……For our light affliction, which is but for a moment, is working for us a far more exceeding and eternal weight of glory…..While we do not look at the things which are seen, but at the things which are not seen. For the things which are seen are temporary, but the things which are not seen are eternal."(2 Cor. 4:16-18)***

***"Now He who has prepared us for this very thing is God, who has given us the Spirit as a guarantee. Therefore we are always confident, knowing that while we are at home in the body we are absent from the Lord…….we are confident, yes , well pleased rather to be absent from the body and to be present with the Lord." (2 Cor. 5:5-8)***

What our Lord Jesus Christ told His Disciples on the eve of His Crucifixion should comfort us. ***" Let not your hearts be troubled; you believe in God, believe also in Me. In My Father's house are many mansions; if it were not so , I would have told you. I go to prepare a place for you. And if I go and prepare a place for you, I will come again and receive you to myself; that where I am, there you maybe also". (Jn. 14:1-3)***

May I conclude with the lyrics of the song by Jim Reeves. ***Where do I go from here****?*

*"….Lead me through the darkness and through each gloomy day.*

*Take my hand O' Precious Lord and help me on my way.*

*Give me strength that I might find abiding faith and peace of mind"*

*And I wont ask* ***Where do I go from here.***

# QUEST 83

(ഈ ലക്കം QUEST –83 ലെ ചോദ്യങ്ങൾ യാക്കോബ്, 1 പത്രൊസ്, 2 പത്രൊസ്, 1 യോഹന്നാൻ, 2 യോഹന്നാൻ, 3 യോഹന്നാൻ എന്നീ ലേഖനങ്ങളിൽ നിന്നാണ്)

1. ബിലെയാമിന്റെ പിതാവിന്റെ പേര് എന്ത്?
2. രാജകീയ ന്യായപ്രമാണം എന്ത്?
3. സഭയിൽ പ്രധാനിയാകുവാൻ ആഗ്രഹിച്ചത് ആര്?
4. ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നാം എന്താണ് പ്രാപിക്കുന്നത്?
5. സർവ്വലോകവും ആരുടെ അധീനതയിൽ കിടക്കുന്നു?
6. അവൻ പാപം ഒന്നും ചെയ്തിട്ടില്ല അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. ആരുടെ?
7. ഏലിയാവ് മഴ പെയ്യാതിരിക്കാൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചപ്പോൾ എത്ര നാൾ മഴ പെയ്യാതെ ഇരുന്നു?
8. എന്ത് യാചിച്ചാലും ദൈവസന്നിധിയിൽ നിന്ന് ലഭിക്കണമെങ്കിൽ നാം എന്തു ചെയ്യണം?
9. ഭക്തികെട്ടു നടക്കുന്നവർക്ക് ദൃഷ്ടാന്തമായി വെച്ചിരിക്കുന്ന രണ്ടു പട്ടണങ്ങൾ ഏതെല്ലാം?
10. വിശ്വാസത്തിന്റെ പരിശോധന എന്തിനേക്കാൾ വിലയേറിയതാണ്?
11. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നത് എങ്ങനെ?
12. ജ്ഞാനലക്ഷണം എന്ത്?
13. കർത്താവ് തന്റെ വാഗ്ദത്തം നിറവേറ്റാൻ താമസിക്കുന്നില്ല. എന്ത്കൊണ്ട്?
14. നോഹയുടെ പെട്ടകത്തിൽ കയറി രക്ഷപ്രാപിച്ചവർ എത്രപേർ?
15. ലോകസ്നേഹം ആരോട് ശത്രുത്വം ആകുന്നു?
16. തികഞ്ഞ സ്നേഹം എന്തിനേ പുറത്താക്കുന്നു?
17. മനുഷ്യന്റെ കോപം —— നീതിയെ പ്രവർത്തിക്കുന്നില്ല.
18. ഹൃദയത്തിൽ കയ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ എന്ത് ചെയ്യരുത്?
19. നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു —— തന്നേ.
20. ആർക്കുവേണ്ടിയാണ് യാക്കോബ് ലേഖനം എഴുതിയത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 83-ലെ ഉത്തരങ്ങൾ റഫറൻസു സഹിതം 2022 ജൂൺ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011**

## രചനകൾ

**ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.**

The Editor
Christian Woman, Good News
Akkulam Road, Trivandrum - 695 011
Telephone : 0471 - 2448079

# Dust

*Audrey Hill, Illinois, USA*

*God, Creator of all,*
*formed man out of the dust of the earth.*
*Man sinned.*
*"Without the shedding of blood,*
*there is no remission of sin".*
*GOD came down and became flesh.*
*Man hated Him without a cause.*
*They beat His back with 39 stripes,*
*platted a crown of throns on His head,*
*mocked Him, spit on Him and*
*made Him carry His cross up Calvary's hill.*
*They nailed His hands and feet to a Roman cross.*
*They pierced His side with a sword.*
*After they vented their hatred,*
*After they had done their worst,*
*"They sat down and watched Him there".*
*His blood flowed down the cross*
*Streaming into the dust of the earth.*

**Published by George John, Good News, Akkulam Road, Trivandrum 695 011**
**Printed at Grace Printers, Muttada. Mob: 9447059891**